# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ബേഡഡുക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 7/695/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 03/10/2024
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബേഡഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 7/695/2024 തീയ്യതി: 03/10/2024

## കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2024 | 19-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2024 | 19-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.വിനോദ് കുമാർ.സി, ഓഡിറ്റ് ഓഫീസർ

ശ്രീ.ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽകുമാർ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുധീഷ്.എൻ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ബിന്ദു.വി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ധന്യ.എം | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.സജ്ജാദ്.എസ്.എസ് | സെക്രട്ടറി | 01-04-2023 | 13-07-2023 |
| ശ്രീ.ജോൺ ഡിക്രൂസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-07-2023 | 23-07-2023 |
| ശ്രീ.രാധാകൃഷ്ണൻ.എം.കെ | സെക്രട്ടറി | 24-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശിവൻകുട്ടി.പി.ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 04-07-2023 |
| ശ്രീ.സെബാസ്റ്റ്യൻ ജോസഫ് | അസിസ്റ്റന്റ് സെക്രട്ടറി | 01-09-2023 | 30-12-2023 |
| ശ്രീ.എം.ഗംഗാധരൻ | അസിസ്റ്റന്റ് സെക്രട്ടറി | 03-01-2024 | 31-03-2024 |
| ശ്രീ.തുളസീധരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 23-07-2023 |
| ശ്രീ.റോയ് മാത്യു | അസിസ്റ്റന്റ് എഞ്ചിനീയർ | 24-07-2023 | 31-03-2024 |
| ശ്രീ.പ്രവീൺ.എൻ.എം | കൃഷി ഓഫീസർ | 01-04-2023 | 01-12-2023 |
| ശ്രീ.ഗിരീഷ്.ബി | കൃഷി ഓഫീസർ | 02-12-2023 | 21-01-2024 |
| ശ്രീമതി.ലിന്റ ഐസക് | കൃഷി ഓഫീസർ | 22-01-2024 | 31-03-2024 |
| ശ്രീമതി.മഹാലക്ഷ്മി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബേഡഡുക്ക സർക്കിൾ) | 01-04-2023 | 09-11-2023 |
| ശ്രീ.ഗോകുൽ.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബേഡഡുക്ക സർക്കിൾ) | 09-11-2023 | 31-03-2024 |
| ശ്രീ.ജിനേഷ്.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊളത്തൂർ സർക്കിൾ) | 01-04-2023 | 31-03-2024 |
| ലിനിൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ബാലകൃഷ്ണൻ.എച്ച് | പ്രധാനാധ്യാപകൻ | 01-04-2023 | 12-11-2023 |
| ജയശ്രീ.യു | പ്രധാനാധ്യാപിക | 13-11-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ.നിധിയ ജോയ് | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ.അഞ്ജു.പി.രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 26-08-2023 |
| ഡോ.മുഹമ്മദ് ഇംത്യാസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 27-08-2023 | 31-03-2024 |
| ഡോ.കൃപേഷ് | മെഡിക്കൽ.ഓഫീസർ (അലോപ്പതി) | 01-04-2023 | 31-03-2024 |
| ഡോ.ശ്രീനീഷ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| രജിമ.പി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| രമ്യശ്രീ.പി.വി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | 312109901-Capital Contribution എന്ന ശീർഷകത്തിൽ നെഗറ്റീവ് ബാലൻസ്. | 1-1-2 |
| 4 | വർഷങ്ങളായി ആവർത്തിച്ച് വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല | 1-1-3 |
| 5 | വരുമാനം തെറ്റായ കണക്കിൽ രേഖപ്പെടുത്തി. | 1-1-4 |
| 6 | ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-6 |
| 8 | അഡ്വാൻസ് കണക്കിൽ നിലവിലില്ലാത്ത തുക. | 1-1-7 |
| 9 | Prior Period Expenditure-വിശദാംശങ്ങൾ ലഭ്യമല്ല. | 1-1-8 |
| 10 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല. | 1-1-9 |
| 11 | വായ്പാ കണക്കിലെ അപാകങ്ങൾ- | 1-1-10 |
| 12 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-1-12 |
| 14 | വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമപദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 21 | ക്യാഷ് ബാലൻസ് | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകന റിപ്പോർട്ട്. | 1-10 |
| 24 | ഓഡിറ്റ് ഇംപാക്ട് | 1-11 |
| 25 | വസ്തുനികുതി പുതുക്കൽ- ഫീൽഡ് പരിശോധന പൂർത്തിയാക്കിയില്ല. | 1-12 |

| | | |
|---|---|---|
| 26 | വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം-വിവരം ലഭ്യമല്ല. | 1-13 |
| 27 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു. | 1-14 |
| 28 | ക്വാറികൾ - കോർപ്പറേറ്റ് സാമൂഹിക/പരിസ്ഥിതി ഉത്തരവാദിത്തങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നില്ല. | 1-15 |
| 29 | ഒരേ സ്ഥലത്ത് ഒന്നിൽകൂടുതൽ കെട്ടിടങ്ങൾക്കുള്ള പെർമിറ്റ് ഫീസ്/ റഗുലറൈസേഷൻ ഫീസ്- അവ്യക്തത സംബന്ധിച്ച്. | 1-16 |
| 30 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-17 |
| 31 | ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകി. | 1-18 |
| 32 | അനധികൃത കെട്ടിട നിർമ്മാണം- വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-19 |
| 33 | എസ്.എൽ. ഐ. വിഹിതം-ജീവനക്കാരിൽ നിന്നും കുറഞ്ഞനിരക്കിൽ ഈടാക്കുന്നു. | 1-20 |
| 34 | പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷൂറൻസ്-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല . | 1-21 |
| 35 | ജൈവവള നിർമ്മാണ യൂണിറ്റ്-പ്രവർത്തനം ആരംഭിച്ചില്ല. | 1-22 |
| 36 | കുടിവെള്ള പദ്ധതികൾ- ഭൂജല വകുപ്പിൽനിന്നും വിനിയോഗ രേഖകൾ ലഭിച്ചില്ല. | 1-23 |
| 37 | സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ ബോക്സ് സ്ഥാപിക്കൽ- കെ.എസ്.ഇ.ബിക്ക് കൈമാറിയ തുകയുടെ വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-24 |
| 38 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-25 |
| 39 | മാലിന്യം നീക്കം ചെയ്യൽ-സ്വന്തമായി വാഹനം ഉണ്ടായിട്ടും വാടകയ്ക്കെടുത്തു. | 1-26 |
| 40 | വനിത സംരംഭക ഗ്രൂപ്പുകൾക്ക് ധനസഹായം - സബ്സിഡി തുക കൈപ്പറ്റിയിട്ടും സ്ഥാപനം പ്രവർത്തനമാരംഭിച്ചില്ല. | 1-27 |
| 41 | ലൈഫ് ഭവന പദ്ധതി -വീട് നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-28 |
| 42 | കാർഷിക തൊഴിൽ സേനയ്ക്ക് യന്ത്രങ്ങൾ നൽകൽ - രേഖകൾ ഹാജരാക്കിയില്ല. | 1-29 |
| 43 | ബേഡകം തെങ്ങ് പരിപാലനം - നഴ്സറി പരിപാലനം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-30 |
| 44 | വളം വിതരണം - ഫീൽഡ് പരിശോധന നടത്തുന്നില്ല. | 1-31 |
| 45 | കറവപശു വിതരണ പദ്ധതി -സബ്സിഡി ബാങ്ക് വായ്പയിൽ ക്രമീകരിക്കുന്നതിൽ അപാകതകൾ | 1-32 |
| 46 | ഷീ പാഡ് പദ്ധതി - അപാകതകൾ | 1-33 |

| | | |
|---|---|---|
| 47 | സിവിൽ സർവ്വീസ് പരിശീലനം -പദ്ധതി ആരംഭിച്ചിട്ടില്ല | 1-34 |
| 48 | എസ്.പി.സി ക്ക് വിഹിതം നൽകൽ (57/24)-മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി | 1-35 |
| 49 | തൊഴിലുറപ്പ് പദ്ധതി -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്യുന്നില്ല | 1-36 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്. | 4-3 |
| 4 | വായ്പ- വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |
| 8 | ചാർജ്, സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.05.2024 ലെ 1/1-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23.05.2024-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാസർഗോഡ്,

തീയതി: 03.10.2024

ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

A) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 312109901-Capital Contribution എന്ന ശീർഷകത്തിൽ നെഗറ്റീവ് ബാലൻസ്.**

B-3 Reserves 312109901-Capital Contribution എന്ന ശീർഷകത്തിൽ ₹(-)1,19,91,876/- ആണ് നീക്കിയിരിപ്പുള്ളത്. ഈ ശീർഷകത്തിൽ നിന്നും തുകകൾ Accumulated Depreciation ചെയ്തതിലെ അപാകത മൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. 2023-24 വർഷത്തെ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നത് വിവിധ ഫണ്ടുകളിൽ നിന്നുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകകളുടെ മേലാണ്. ജി.ഒ(എം.എസ്)നം.152/2011/തസ്വഭവ, തിയതി 26.07.2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Significant Accounting Policies പ്രകാരം ഡെപ്രിസിയേഷൻ ആസ്തികളുടെ മേലാണ് ചാർജ് ചെയ്യേണ്ടത്. ഇതിനു വിരുദ്ധമായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനു മേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തതിന് വിശദീകരണം നൽകിയിട്ടില്ല.

**1-1-3 വർഷങ്ങളായി ആവർത്തിച്ച് വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല**

**1. ഷെഡ്യൂൾ B1-Panchayat Fund General-** ഈ ഷെഡ്യൂളിൽ Excess Of Income Over Expenditure എന്ന കണക്കിൽ 3,80,19,751 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം 31.03.2024 ലെ ഗ്രോസ് സർപ്ലസ് (Income Over Expenditure After Prior Period Items) -1,03,38,345 രൂപയാണ്.

**2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്**

2023-24 വർഷത്തെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക് ഉള്ളതായി കാണുന്നു. സ്റ്റേറ്റ്മെന്റ് പ്രകാരം Net Cash Generated By Operating Activities, Investing Activities And Financing Activities 8,44,443 രൂപയാണ്. എന്നാൽ Net Increase In Cash And Cash Equivalents 92,85,684 രൂപയാണ്. തുകകൾ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ വർഷങ്ങളായി ആവർത്തിച്ച് വരുന്നതും സംസ്ഥാന തലത്തിൽ തന്നെ സോഫ്റ്റ്വെയർ ക്രമീകരണത്തിലൂടെ പരിഹരിക്കപ്പെടേണ്ടതുമാണ്. എന്നാൽ സോഫ്റ്റ് വെയർ ദാതാക്കളുടെ ഭാഗത്തു നിന്നും ഇവ പരിഹരിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല.

**1-1-4 വരുമാനം തെറ്റായ കണക്കിൽ രേഖപ്പെടുത്തി.**

ജി.ഒ (ആർ.ടി)നം.5118/2022/ഫിൻ,തിയതി 6.07.2022 പ്രകാരം, മികച്ച പ്രവർത്തനം കാഴ്ചവെച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജില്ലയിൽ രണ്ടാം സ്ഥാനം നേടിയതിനുള്ള അവാർഡ് ആയി 5,00,000 രൂപ സർക്കാരിൽ നിന്നും LGTSB അക്കൗണ്ടിൽ 30.07.2022 ൽ വരവ് വന്നിട്ടുണ്ട്. എന്നാൽ ഈ തുക രശീതി വൗച്ചർ 1220000206/26-11-2022 പ്രകാരം വരവ് വച്ചത് 320700205- Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats എന്ന കണക്കിലാണ്. തുടർന്ന് ഈ തുക മേൽ ഹെഡിൽ നിന്ന് ജേണൽ നം 42300772/തീ.28-12-2023 പ്രകാരം 190200401- Prior

Period Income - Other Incomes എന്ന കണക്കിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ 2023-24 വർഷവും ചെലവഴിക്കാത്ത ഈ തുക ബാധ്യതാ ഹെഡായ 320100200 -ലേക്ക് മാറ്റിയതായി കാണുന്നില്ല. ആയത് ക്രമീകരിക്കേണ്ടതാണ്.

**1-1-5 ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.**

B2-Earmarked Funds-311100101-Panchayats Distress Relief Fund എന്ന കണക്കിൽ 31.03.2024 ലെ നീക്കിയിരിപ്പ് ബാധ്യത 99,895 രൂപയാണ്. എന്നാൽ BFSCB ബാങ്കിലെ 401130000267 നമ്പർ അക്കൗണ്ടിൽ 31.03.2024-ന് നീക്കിയിരിപ്പ് 89,895 രൂപയാണ്, 10,000 രൂപയുടെ കുറവ്. മേൽ അപാകതയുടെ കാരണം വ്യക്തമാക്കിയിട്ടില്ല.

**1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി ഉടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-7 അഡ്വാൻസ് കണക്കിൽ നിലവിലില്ലാത്ത തുക.**

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 460509901-Advance To Others വകയിൽ 1,70,000 രൂപ കാണിക്കുന്നുണ്ട്. ഈ തുക ചെക്ക് നം 0244111/തീ.03-09-2022 പ്രകാരം ബേഡഡുക്ക താലൂക്ക് മെഡിക്കൽ ഓഫീസർ പ്രീ-മൺസൂൺ ക്യാമ്പയിന്റെ ഭാഗമായി 17 വാർഡുകളിലെ പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുകയാണ്. ഇപ്പോഴും ഈ തുക Advance To Others എന്ന ഹെഡിൽ നിലനിർത്തിയിരിക്കുന്നു.

**1-1-8 Prior Period Expenditure-വിശദാംശങ്ങൾ ലഭ്യമല്ല.**

I-18 ഷെഡ്യൂളിൾ വിവിധ അക്കൌണ്ട് ഹെഡുകളിലായി Prior Period Expenditure ഇനത്തിൽ 1,68,11,802/-രൂപ ചെലവ് രേഖപ്പെടുത്തിയത് സംബന്ധിച്ചുള്ള മുൻവർഷത്തെ വിശദാംശങ്ങൾ ലഭ്യക്കിയിട്ടില്ല.

**1-1-9 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(2)4 പ്രകാരം ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല. (ഉദാ. Schedule B- 17 & 4).

**1-1-10 വായ്പാ കണക്കിലെ അപാകങ്ങൾ-**

1) ലൈഫ് ഭവനപദ്ധതിക്കായുള്ള KURDFC വായ്പയുടെ കണക്കുകൾ 2022-23 വർഷം രണ്ടു ഹെഡുകളിൽ ചേർത്തത് 28-12-2023-ന് 42300771 നമ്പർ ജേണൽ പ്രകാരം 320200399- Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes എന്ന ഹെഡിലുള്ള 1,38,10,000 രൂപ 330500201 -Secured Loans - Loan From

KURDFC എന്ന ഹെഡിലേക്ക് മാറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. 320200399- Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes എന്ന ഹെഡിൽ 01.04.2022 ൽ മുന്നിരിപ്പുണ്ടായിരുന്ന 3,10,000 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2) ഷെഡ്യൂൾ B5- 330500201- Loan From KURDFC എന്ന കണക്കിൽ 4,83,32,088 രൂപയാണ് വായ്പാ ബാദ്ധ്യത. എന്നാൽ തത്തുല്യമായ ആസ്തി ഹെഡിൽ (440500101-Prepaid Programme Expense) 4,80,80,503 രൂപ മാത്രമേ ചേർത്തിട്ടുള്ളൂ.

3) ലോൺ എടുത്തതിന്റെ വിവരങ്ങൾ ലോൺ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ കണക്ക് പ്രകാരം രണ്ടു ഘട്ടങ്ങളിലായി ആകെ 7,07,93,078 രൂപയാണ് വായ്പയായി ലഭിച്ചത്, ഇതിൽ തിരിച്ചടച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു,

| വർഷം | തിരിച്ചടച്ച തുക |
|---|---|
| 2019-20 | 1455882 |
| 2020-21 | 2240118 |
| 2021-22 | 2420001 |
| 2022-23 | 5288956 |
| 2023-24 | 5288953 |
| ആകെ | 1,66,93,910 |

HUDCO ലോൺ ലഭിച്ചതിന്റെ വിവരം

| | |
|---|---|
| HUDCO ലോൺ ഒന്നാം ഘട്ടം | 2,97,13,078 |
| HUDCO ലോൺ രണ്ടാം ഘട്ടം | 4,10,80,000 |
| **ആകെ** | **7,07,93,078** |
| 31.3.2024 വരെ തിരിച്ചടച്ച തുക | 1,66,93,910` |
| തിരിച്ചടച്ചക്കാൻ ബാക്കിയുള്ള തുക | 5,40,99,168 രൂപ |
| AFS പ്രകാരം തിരിച്ചടച്ചക്കാൻ ബാക്കിയുള്ള തുക | 4,83,32,088 രൂപ |
| വ്യത്യാസം | 57,67,080 രൂപ |

മേൽ വിവരിച്ച പിശക് സംഭവിച്ചതിനാൽ 31.03.2024 ലെ ബാലൻസ് ഷീറ്റിലെ ലോൺ നീക്കിയിരിപ്പ് തെറ്റാണ്. വാർഷിക ധനകാര്യ പത്രികയിലെ അപാകത പരിഹരിക്കുന്നതിനു വേണ്ടി ലൈഫ് മിഷൻ അധികൃതരെ രേഖാമൂലം ബന്ധപ്പെട്ട് നാളിതുവരെ ലൈഫ് ഭവന പദ്ധതി വായ്പാ, സംസ്ഥാന വിഹിതം എന്നീയിനങ്ങളിൽ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച തുകയുടെ കൃത്യമായ കണക്ക് ലഭ്യമാക്കി ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ ഭരണ സമിതി അംഗീകാരത്തോടെ വരുത്തേണ്ടതാണ്.

**1-1-11 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല**

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുകയോ അക്കൌണ്ട് ഹെഡ് പ്രകാരമുള്ള വിവിധ അഡ്വാൻസ് തുകകളും ഡെപ്പോസിറ്റ് തുകകളും ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തുകയോ ചെയ്യുന്നില്ല. വിവിധ അഡ്വാൻസുകളുടെയും ഡെപ്പോസിറ്റുവർക്കുകളുടെയും തൻവർഷം ചെലവ് രേഖപ്പെടുത്തിയ തുകകൾക്ക് വിനിയോഗസാക്ഷ്യപത്രം പരിശോധയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ILGMS

സംവിധാനത്തിൽ ലഭ്യമാകുന്ന വിവരങ്ങൾ സംബന്ധിച്ചുള്ള രജിസ്റ്ററുകൾ മാത്രമാണ് ഒഴിവാക്കാൻ സാധിക്കുകയുള്ളു എന്നതിനാൽ ILGMS വന്നതുമുതൽ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതില്ല എന്ന മറുപടി അംഗീകരിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി ധനകാര്യപത്രികയമായി പൊരുത്തപ്പെടുത്തി (റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി) വിനിയോഗസാക്ഷ്യപത്രം സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-1-12 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.**

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുകയോ അക്കൌണ്ട് ഹെഡ് പ്രകാരമുള്ള വിവിധ അഡ്വാൻസ് തുകകളും ഡെപ്പോസിറ്റ് തുകകളും ധനകാര്യപത്രികയമായി പൊരുത്തപ്പെടുത്തുകയോ ചെയ്യുന്നില്ല. കാലപഴക്കമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തി ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-1-13 വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.**

വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**എ).** ചുവടെ ചേർത്ത ഹെഡുകൾ പ്രകാരമുള്ള തൻവർഷത്തെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ(B3-Reserves) സംബന്ധിച്ച വിശദ വിവരങ്ങൾ(പ്രോജക്ട് നം, പേര്, തുക തുടങ്ങിയ വിവരങ്ങൾ സഹിതം) ഹാജരാക്കിയിട്ടില്ലB

312100128- Capital Contribution From NREGA- 1,84,70,059

312100201- Capital Contribution From Development Fund General- 28,22,759

312100203- Capital Contribution From Development Fund TSP- 76,930

312100204- Capital Contribution From Development Fund CFC Basic Grant- 1,18,50,053

312100205- Capital Contribution From Development Fund CFC Performance Grant- 67,76,547

312100211- Capital Contribution From CFC Tied Grant- 63,50,143

312100301-Capital Contribution From Maintenance Fund Road- 79,58,074

312100302- Capital Contribution From Maintenance Fund Non Road- 5,00,824

**ബി).** ഷെഡ്യൂൾ B4 ലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പുകൾ ഏതൊക്കെ ആവശ്യങ്ങൾക്ക് എവിടെ നിന്ന് ലഭിച്ചു എന്നും നീക്കിയിരിപ്പ് തുകകൾ ഏതൊക്കെ ബാങ്ക് അക്കൗണ്ടുകളിലാണ് നിലവിലുള്ളത് എന്നും വിശദീകരിച്ചിട്ടില്ല.

320100105- Awards And Honours-Central Govt- 8,50,626

320100145- NPRPD- 30,000

320100181- Total Sanitation Campaign- 1,34,728

320100999- Other Liabilities- 40,344

320200307- MLA Fund For LAD- 1,80,000

320200399- Grants, Funds & Contributions For Specific Purposes - Other Than Development Fund And

State Sponsored Scheme Funds - Other Purposes- 795,690.50

320300103- Grants, Funds & Contributions For Specific Purposes - Other Government

Agencies - Total Sanitation- 18,07,051

**സി).** B9 ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

350200199- Recoveries Payable-Other Recoveries From Employees-12,569

350300112- Refunds And Other Dues Payable- Court Fee Stamp- 1,350

350400999- Refund Of Unutilised Grants- Prior Period- 93,190

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | തീരുമാനം നം.1(1) തീയതി :23.03.2023 | തീരുമാനം നം.1(1) തീയതി :07.02.2024 |
| മുന്നിരിപ്പ് | 1,44,30,611 | 76,30,757 |
| വരവ് | 29,41,49,300 | 44,18,13,516 |
| ആകെ | 30,85,79,911 | 44,94,44,273 |
| ചെലവ് | 29,98,02,855 | 44,51,99,633 |
| നീക്കിയിരിപ്പ് | 87,77,056 | 42,44,640 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2023-24 |
|---|---|
| മുന്നിരിപ്പ് | 1,74,08,407.50 |
| വരവ് | 8,87,16,159.00 |
| ആകെ | 10,61,24,566.50 |
| ചെലവ് | 7,94,30,475.00 |
| നീക്കിയിരിപ്പ് | 2,66,94,091.50 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്പൊതുവിഭാഗം | 0 | 2,39,80,000 | 2,39,80,000 | 2,29,47,197 | 10,32,803 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12,44,000 | 12,44,000 | 9,10,091 | 3,33,909 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 76,10,000 | 76,10,000 | 71,47,523 | 4,62,477 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3,51,086 | 41,98,571 | 45,49,657 | 23,18,339 | 22,31,318* |

| | | | | | |
|---|---|---|---|---|---|
| (Untied) | | | | | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 35,51,920 | 29,78,000 | 65,29,920 | 27,25,756 | 38,04,164* |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 1,99,22,650 | 1,99,22,650 | 39,79,928 | 1,59,42,722 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 0 | 35,52,600 | 35,52,600 | 22,09,643 | 13,42,957 |
| വിവിധ പെൻഷനുകൾ | 0 | 4,60,99,900 | 4,60,99,900 | 4,60,99,900 | 0 |
| **സംയുക്ത പദ്ധതി** | | | | | |
| ബ്ലോക്ക്പഞ്ചായത്ത് | 0 | 11,28,436 | 11,28,436 | 11,28,436 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 6,57,335 | 6,57,335 | 6,57,335 | 0 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | |
| തൊഴിലുറപ്പ് പദ്ധതി | 4,315 | 30,70,433 | 30,74,748 | 30,74,748 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 9,02,896 | 26,25,831 | 35,28,727 | 22,26,794 | 13,01,933 |
| 320100202 ഹെൽത്ത് ഗ്രാന്റ് | 7,999 | 9,68,366 | 9,76,365 | 5,84,648 | 3,91,717 |
| 320100204 ഹെൽത്ത് ഗ്രാന്റ് | 1,700 | 4,05,168 | 4,06,868 | 2,29,297 | 1,77,571 |
| ലിറ്ററസി സ്കീം | 0 | 14,605 | 14,605 | 14,605 | 0 |
| SSA | 2,24.590 | 6,236 | 2,30,826 | 136 | 2,30,690 |
| NPRPD | 30,000 | 0 | 30,000 | 0 | 30,000 |
| PYCKA | 1,39,214 | 1,248 | 1,40,462 | 0 | 1,40,462 |
| NRHM ആയുർവ്വേദം | 0 | 5,00,000 | 5,00,000 | 0 | 5,00,000 |
| അവാർഡ്-മികച്ചപഞ്ചായത്ത് | 3,00,000 | 0 | 3,00,000 | 0 | 3,00,000 |
| അവാർഡ് തുക- 2016 വർഷം | 50,626 | 0 | 50,626 | 0 | 50,626 |
| അവാർഡ്തുക-ഹരിതകേരളം | 3,00,000 | 0 | 3,00,000 | 0 | 3,00,000 |
| അവാർഡ് തുക – മലയാള മനോരമ- Max Value Kalikoottam Challenge | 5,00,000 | 0 | 5,00,000 | 0 | 5,00,000 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |
| ലൈഫ് സംസ്ഥാന വിഹിതം | 40,28,808 | 3,15,05,000 | 3,55,33,808 | 2,90,95,000 | 64,38,808 |
| ശുചിത്വ മിഷൻ | 2,00,000 | 3,80,000 | 5,80,000 | 3,80,000 | 2,00,000 |
| Biodiversity | 3,00,468 | 8,678 | 3,09,146 | 1,50,000 | 1,59,146 |
| കില ട്രെയിനിംഗ് | 0 | 1,51,544 | 1,51,544 | 1,28,046 | 23,498 |
| കെ ഫോൺ ഉത്ഘാടനം | 0 | 25,000 | 25,000 | 21,800 | 3,200 |
| മറ്റുള്ളവ | | | | | |
| ഗുണഭോക്തൃ വിഹിതം | 22,455 | 6,11,535 | 6,33,990 | 5,30,315 | 1,03,675 |
| ദുരിതാശ്വാസ നിധി | 21,765 | 2,88,130 | 3,09,895 | 2,10,000 | 99,895 |

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 30,10,027/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 1,55,598/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 37,52,928/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ വരവു വന്ന പലിശ 1,38,419 രൂപ ബേസിക് ഗ്രാന്റിൽ വരവായി ചേർത്തിട്ടുണ്ട്.

5) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 1,28,09,700 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 9 ഗഡു മാത്രമെ തൻ വർഷം ലഭിച്ചിട്ടുള്ളൂ.

6) *ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Untied), ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) എന്നിവയുടെ മേൽ പട്ടിക പ്രകാരമുള്ള ആകെ നീക്കിയിരിപ്പ് 60,35,482 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കേരള ഗ്രാമീൺ ബാങ്കിലെ 31.03.2024 ലെ നീക്കിയിരിപ്പ് 61,01,888 രൂപയാണ്. 66,406 രൂപ വിവിധ ബില്ലുകളിൽ നിന്നുള്ള റീട്ടെൻഷൻ തുകയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 20,78,08,539 | 116 | 9,44,14,096 | - | 90 | 56.31% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2023-24 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2023-24 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 47 | 3,17,03,632 | 19 | 1,37,49,674 | 43.36 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 21 | 55,57,958 | 13 | 26,98,722 | 48.55 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 66 | 3,99,52,558 | 23 | 98,97,863 | 24.77 |
| 4 | കൃഷി ഓഫീസർ | 10 | 52,81,070 | 8 | 39,06,075 | 73.96 |
| 5 | വെറ്റിനറി സർജ്ജൻ | 9 | 38,62,894 | 8 | 24,07,394 | 62.32 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 28 | 10,64,77,314 | 22 | 5,07,61,235 | 47.67 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 80,91,945 | 6 | 53,83,038 | 66.52 |
| 8 | പ്രധാനാധ്യാപകൻ | 7 | 11,22,168 | 6 | 8,76,068 | 78.06 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 6,00,000 | 1 | 6,00,000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 7 | 31,39,000 | 7 | 24,38,871 | 77.69 |

| | | | | | | |
|---|---|---|---|---|---|---|
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 6,00,000 | 1 | 6,00,000 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 13,00,000 | 1 | 10,47,156 | 80.55 |
| 13 | ഫിഷറീസ് സബ് ഇൻസ്ട്രക്ടർ | 1 | 1,20,000 | 1 | 48,000 | 40 |
| | ആകെ | 206 | 20,78,08,539 | 116 | 9,44,14,096 | 45.43 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 4,315 | 30,70,433 | 30,74,748 | 30,74,748 | 0 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 6,77,02,615 | 6,77,02,615 | 6,77,02,615 | 0 |
| ആകെ | 4,315 | 7,07,73,048 | 7,07,77,363 | 7,07,77,363 | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2023-24 വർഷം 4,756 പദ്ധതികളുൾപ്പെടുന്ന 46,00,24,400 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 411 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 1,84,181 തൊഴിൽ ദിനങ്ങൾ തൻവർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 942 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമപദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 36,93,800 | 333 |
| വിധവാപെൻഷൻ | 1,51,66,300 | 1418 |
| വാർദ്ധക്യകാലപെൻഷൻ | 2,15,92,400 | 2075 |
| വികലാംഗപെൻഷൻ | 48,84,200 | 451 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 7,63,200 | 69 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2024 തീയതിയിൽ 3.00 P.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 21,536/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) 30.09.2021 ലെ ഓഫീസ് ഉത്തരവ് നം. 37/2021 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പിന്നീട് സന്ദർഭങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് ഉപഉത്തരവുകളിലൂടെ കൂട്ടിച്ചേർക്കലുകളും നടത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സമഗ്രമേഖലകളും ഉൾപ്പെടുത്തി വിശദമായ പുതുക്കിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. തുടർ നടപടികൾ എടുക്കാൻ ബാക്കിയുള്ള ഫയലുകളിലും പാർക്ക് ചെയ്ത ഫയലുകളിലും അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

4) പഞ്ചായത്ത് കമ്മിറ്റി 2023-2024 സാമ്പത്തിക വർഷത്തിൽ ൽ 32 തവണ യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 23 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 21 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 23 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 23 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗങ്ങളുടെ മിനിട്സ് സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച അവലോകനങ്ങൾ തുടർയോഗങ്ങളിൽ നടത്തിയതായി മിനിട്സിൽ കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

5) ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം എല്ലാ മാസവും കൃത്യമായി ഓഫീസ് മീറ്റീംഗ് ചേർന്നിട്ടുണ്ട്.

6) തൻവർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു

സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

7) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

8) 1997-98 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 9 യോഗങ്ങൾ ചേർന്നിരുന്നു. പഞ്ചായത്ത് സെക്രട്ടറി, ചില നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായും അല്ലാതെയും നടത്തിയ വാങ്ങലുകളിൽ കമ്മിറ്റി ഇടപെട്ടിട്ടുണ്ട്.

10) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമല്ല. സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയവും വിവരശേഖരണവും പൂർത്തിയാക്കപ്പെട്ടിട്ടില്ല.

11) ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഖണ്ഡിക 1-1 ൽ വിശദമാക്കിയിട്ടുണ്ട്. ആയതിന് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

12) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും അവയിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, പോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ പരിഷ്കരിക്കുവാനും, കാലാനുസൃതമായ മാറ്റങ്ങൾ ചേർത്ത് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. അതു പോലെ പൊതു ടാപ്പുകളുടെ കണക്കും സംയുക്ത പരിശോധന നടത്തി ക്രമീകരിക്കേണ്ടതാണ്.

13) സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകന റിപ്പോർട്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024-ലെ ഡി.കെ.എസ്.എ.471/ സി.എ.ആർ.3/2024 നമ്പർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ:കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന വിഷയം

സംബന്ധിച്ച് നടത്തിയ പരിശോധന പ്രകാരം, ബേഡഡുക്ക ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് തയാറാക്കിയ അവലോകനം താഴെ ചേർക്കുന്നു.

15.07.2017 ലെ സ.ഉ(സാധാ) നം.2420/17/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും, 02.08.2020 ലെ സ.ഉ(സാധാ) നം.1496/2020/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മ സേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. 12.02.2019 ലെ സ.ഉ(സാധാ) നം. 306/2019/തസ്വഭവ തിയതി പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**I ഹരിതകർമ്മസേന.**

**1) അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| വാർഡുകളുടെ എണ്ണം | 17 |
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 27868 |
| പഞ്ചായത്തിലെ ആൾ താമസമുള്ള ആകെ വീടുകൾ | 7129 |
| പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ | 602 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 38 |

2018-19 മുതൽ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 17 വാർഡുകളിലായി നിലവിൽ 39 അംഗങ്ങളാണുള്ളത്. മാലിന്യമുക്ത നവകേരള പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ പഞ്ചായത്താക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വഴി സാധിക്കുന്നുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ-2021 അംഗീകരിച്ചതിലൂടെയും, ഹരിതമിത്രം ആപ്ലിക്കേഷൻ നടപ്പിലാക്കിയതിലൂടെയും, ഗ്രാമപഞ്ചായത്തിലെ എല്ലാ ഭവനങ്ങളേയും സ്ഥാപനങ്ങളേയും ഹരിത കർമ്മസേനക്ക കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് 50രൂപയും സ്ഥാപനങ്ങളിൽ നിന്നും 100 രൂപയും 100പേരിൽ കൂടുതൽ ആൾക്കാർ പങ്കെടുക്കുന്ന പരിപാടികൾ നടത്തുന്നവരിൽ നിന്നും 250രൂപയും യൂസർ ഫീ ആയി മാലിന്യം ശേഖരിക്കുന്നതിന് ഈടാക്കുന്നുണ്ട്.

**2) മാലിന്യശേഖരണ കാര്യക്ഷമത**

പതിനഞ്ചാം വാർഡിൽ നെല്ലിയടുക്കം എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് MCFപ്രവർത്തിക്കുന്നത്. MCFന് അടുത്തായി RRFഉം പ്രവർത്തിക്കുന്നു. ഇത് കൂടാതെ 87 മിനി MCF ഉം 8 ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്. 11 മിനി MCF നിർമ്മാണ ഘട്ടത്തിലാണ്. മാലിന്യ ശേഖരണ കലണ്ടറിൽ ഷെഡ്യൂൾ ചെയ്തത് പ്രകാരം ഓരോ വീട്ടിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാസത്തിൽ ഒരു തവണ എന്ന രീതിയിൽ ഹരിത കർമ്മസേനാ അംഗങ്ങൾ മാലിന്യം ശേഖരിച്ചുവരുന്നുണ്ട്. ജനങ്ങളുടെ സൗകര്യാർത്ഥം വാർഡ് അടിസ്ഥാനത്തിൽ വാട്സ് ആപ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അതുവഴി ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണം സംബന്ധിച്ച് അറിയിപ്പ് നൽകുകയും ചെയ്യുന്നു. എല്ലാ ഗ്രാമ സഭകളിലും അജൈവ പാഴ്വസ്തു പരിപാലനം അജണ്ടയായി ഉൾകൊള്ളിച്ച് കൊണ്ട് പൊതുജനങ്ങളുടെ പിന്തുണ ആർജ്ജിക്കുന്നു. വീടുകളിൽ നിന്ന് ശേഖരിക്കുന്ന

മാലിന്യങ്ങൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും 250Kg കപാസിറ്റിയുള്ളതുമായ ഇലക്ട്രിക് ഗുഡ്സ് വാഹനത്തിലും, ഇലക്ട്രിക് ഗുഡ്സ് പോകാത്ത സ്ഥലങ്ങളിലെ മാലിന്യം വണ്ടി വാടകയ്ക്കെടുത്തും എം.സി.എഫിൽ എത്തിക്കുന്നു.

**3) മാലിന്യ വേർതിരിവ് പാലിക്കൽ**

ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നല്കിയിട്ടുണ്ടെങ്കിലും ആയതിന് ജനങ്ങൾ തയ്യാറാകാത്ത സ്ഥിതിയുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ നിന്നും വേർതിരിക്കാൻ നിലവിൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് കഴിയുന്നില്ല. മുഴുവൻ മാലിന്യവും MCFൽ വച്ചാണ് തരം തിരിക്കുന്നത്. MCFൽ നിന്നും പുനചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് കിലോഗ്രാമിന് 10 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിയെയാണ് ഏല്പിച്ചിരിക്കുന്നത്. ആഴ്ചയിൽ രണ്ട് തവണ MCFൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നുണ്ട്. മാലിന്യം ഒരാഴ്ചയിൽ കൂടുതൽ MCFൽ കെട്ടിക്കിടക്കുന്ന അവസ്ഥ ഇല്ല.

**4)റീസൈക്ലിംഗ്**

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നുണ്ട്. വഴിയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 8 ബോട്ടിൽ ബൂത്തുകളിൽ നിന്നും മാലിന്യം ശേഖരിച്ച് MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് നല്കി വന്നതാണ്. എന്നാൽ ആയത് നിർത്തിവെച്ചത് പുനരാരംഭിച്ചിട്ടില്ല.

**5) കമ്മ്യൂണിറ്റി എൻഗേജ്മെൻറ്**

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ഹരിതകർമ്മസേനയോടൊപ്പം, CDS, ADS അംഗങ്ങൾ എന്നിവർ വാർഡ് തല മാലിന്യ സംസ്കരണ ക്യാമ്പയിൻ നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിലായി ബോധവത്കരണ കാമ്പെയിനുകൾ നടത്തിയിട്ടുണ്ട്. ആരംഭഘട്ടത്തിൽ ശുചിത്വ സന്ദേശപദയാത്ര, ശുചിത്വഹർത്താൽ, ശുചിത്വദീപംതെളിയിക്കൽ, നാടകങ്ങൾ നടത്തിയിട്ടുണ്ട്. മാലിന്യക്കൂനകൾ കണ്ടെത്തിയ സ്ഥലങ്ങൾ ശുചീകരിച്ച് സ്നേഹാരാമം (പൂന്തോട്ടം) നിർമ്മിച്ചു. മാലിന്യശേഖരണ പരിപാലന പ്രവർത്തനങ്ങളിൽ ഹരിതകർമ്മസേനയോടൊപ്പം ഹെൽത്ത് ഇൻസ്പെക്ടർ, ഹരിത സഹായ സ്ഥാപനം, കുടുംബശ്രീ പ്രവർത്തകർ, അംഗനവാടി പ്രവർത്തകർ, സന്നദ്ധസംഘടനകൾ, NSS വളന്റിയേഴ്സ് എന്നിവരും ജന പ്രതിനിധികളോടൊപ്പം കൂട്ടായി പ്രവർത്തിച്ചതുവഴി ഒരു പരിധി വരെ വിജയം കൈവരിക്കാൻ സാധിച്ചിട്ടുള്ളതായി കാണുന്നു.

**6)തൊഴിൽ സൃഷ്ടിക്കൽ**

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും പ്രത്യക്ഷമായും റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്നു. 8,000രൂപ മുതൽ 15,000 രൂപ വരെ പ്രതിമാസം ഹരിതകർമ്മസേനാംഗങ്ങൾക്ക് വരുമാനം ലഭ്യമാകുന്നുണ്ട്. നിലവിൽ ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനം 10,000 രൂപയിൽ കൂടുതലായതിനാൽ വി.ജി.എഫ് ഉപയോഗിക്കേണ്ടി വരുന്നില്ല. ഹരിതകർമ്മസേന വരുമാനം വർദ്ധിപ്പിക്കുവാൻ 1000 സ്റ്റീൽ പ്ലേയ്റ്റുകളും ഗ്ലാസുകളും പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങി നല്കിയിട്ടുണ്ട്.

**7) അടിസ്ഥാന സൗകര്യ വികസനം**

ഗ്രാമപഞ്ചായത്തിൽ ഒരു MCFഉം ഒരു RRF ഉം പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് മാലിന്യം തരംതിരിക്കുന്നതിനായും രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിനും MCFൽ ഫർണീച്ചർ ലഭ്യമാക്കിയിട്ടുണ്ട്. സ്വന്തമായി ഒരു ഇലക്ട്രിക് ഗുഡ്സ് വാഹനം മാലിന്യം എത്തിക്കുന്നതിനായി

പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മസേന അംഗങ്ങൾക്കിടയിൽ നിന്ന് തന്നെ വാഹനം ഓടിക്കുന്നതിന് വ്യക്തികളെ കണ്ടെത്തുന്നതിന് സാധിക്കാത്തതിനാൽ ഇലക്ട്രിക്ഗുഡ്സ് ഓടിക്കുന്ന ദിവസങ്ങളിൽ തനത് ഫണ്ടിൽ നിന്ന് ദിവസ വേതനം നൽകി ഡ്രൈവറെ വച്ചിട്ടുണ്ട്. നിലവിൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നേടാനായിട്ടില്ല.

**8)പാരിസ്ഥിതിക ആഘാതം**

മാലിന്യം അനധികൃതമായി തള്ളുന്ന സംഭവങ്ങൾ, നിരോധിതപ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ഉപയോഗം തടയൽ/പൊതു നിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ എന്നിവയുമായി ബന്ധപ്പെട്ട് ഹരിത കർമ്മ സേന മുഖേനയും പൊതുജനങ്ങളിൽ നിന്നും പഞ്ചായത്തിന് പരാതികൾ ലഭ്യമായിട്ടുണ്ട്. ഇതിൽ സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്.

**9) പരിശീലനവും വികസനവും**

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ശുചിത്വ മിഷൻ, കില, കുടുംബശ്രീ എന്നിവ മുഖാന്തിരവും പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. ഹരിതമിത്രം ആപ്പിന്റെ ട്രെയിനിംഗ് കെൽട്രോൺ പ്രതിനിധി നടത്തിയിട്ടുണ്ട്.

**10) നിയമങ്ങൾ പാലിക്കൽ**

മാലിന്യ സംസ്കരണത്തിനായി ചട്ടങ്ങളും മാനദണ്ഡങ്ങളും/മാലിന്യ സംസ്കരണ ബൈലോ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങുകയും ആയത് പാലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് ഓൺലൈൻ മീഡിയ, നോട്ടീസുകൾ, ബ്രോഷറുകൾ മുതലായവ വഴി പ്രചാരണം നടത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ച വരുന്നുണ്ട്. മാലിന്യം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ വിവിധ പരാതികളിൻമേൽ നോട്ടീസ് നൽകുകയും പിഴ ഇനത്തിൽ 1,25,000/-രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**11)ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളിലേയ്ക്ക് 39 ഹരിതകർമ്മസേനാംഗങ്ങളാണ് നിലവിലുള്ളത്. ഓരോ വാർഡിലും 2 അംഗങ്ങൾ വീതവും വലിയ വാർഡുകളിൽ 3 പേരുമാണ് ഉള്ളത്. എല്ലാ മാസവും ആദ്യത്തെ ആഴ്ച റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. കുടുംബശ്രീ, കില എന്നിവയുടെ സഹായത്തോടെ ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പരിശീലന പരിപാടികൾ നടന്നിട്ടുണ്ട്. യൂസർ ഫീ നൽകാൻ സഹകരിക്കാത്ത വീടുകൾ/സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കിയിട്ടില്ല. ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഡെയിലി കളക്ഷൻ രജിസ്റ്റർ, എല്ലാ വരവ് ചെലവുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്യാഷ് ബുക്ക് എന്നിവ പരിപാലിക്കുന്നില്ല.

**II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)**

**1) അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| 1) MCF/RRF സ്ഥിരം/താത്കാലികം | MCF-സ്ഥിരം-1<br>RRF – സ്ഥിരം -1 |

| | |
|---|---|
| 2) ബെയ്ലിംഗ്/ഷ്രെഡിംഗ് യൂണിറ്റുകൾ ഉണ്ടോ ഉണ്ടെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥല വിവരം | RRFൽ ഒരു ബെയിലിംഗ് മെഷീൻ ഉണ്ട്. ഷ്രെഡിംഗ് യൂണിറ്റ് ഉണ്ട്. വാർഡ് നം.15 |
| 3) അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | MCF ഉം RRF ഉം വാർഡ് 15ൽ സ്ഥിതിചെയ്യുന്നു. |
| 4) അവ പ്രയോജനപ്പെടുത്തുന്നുണ്ടോ | ഉണ്ട്. |
| 5) അവയ്ക്ക് അടിസ്ഥാന സൌകര്യങ്ങൾ ഉണ്ടോ (ടാപ്പിങ് ഏരിയ, സ്റ്റോറേജ് എരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി എന്നിവ) | അടിസ്ഥന സൗകര്യങ്ങൾ ഉണ്ട്. |
| 6) അവയിലേയ്ക്ക് റോഡ് ഗതാഗത സൌകര്യം ഉണ്ടോ | ഉണ്ട്. വീതി കുറഞ്ഞ റോഡായതിനാൽ വലിയ വാഹനങ്ങൾക്ക് പോകാൻ ബുദ്ധിമുട്ടുണ്ട്. |
| 7) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ടോ | ഇല്ല. |

2) **മാലിന്യകൈമാറ്റ കാര്യക്ഷമത**

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പാഴ്വസ്തുക്കൾ MCFലേക്ക് സമയബന്ധിതമായും കാര്യക്ഷമമായും ഹരിതകർമ്മസേന കൈമാറുന്നുണ്ട്. മാസത്തിൽ ഒരു തവണ വീടുകളിൽ നിന്നും ആഴ്ചയിൽ ഒരു തവണ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു.

3) **മാലിന്യ സംഭരണ ശേഷി**

| | | |
|---|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിൻറെ അളവ് | ജൈവം - ഇല്ല<br>അജൈവം - 3 ടൺ | |
| 2) MCFന്റെ ആകെ വിസ്തൃതി | MCF<br>2700 Sq.Ft | RRF<br>3500 Sq.Ft |
| A) ടാപ്പിംഗ് ഏരിയ | ഉണ്ട്,<br>വേർതിരിച്ചിട്ടില്ല. | ഉണ്ട്,<br>വേർതിരിച്ചിട്ടില്ല |
| B) സ്റ്റോറേജ് ഏരിയ | | |
| C) സോർട്ടിംഗ് ഏരിയ | | |
| D) മെഷിനറി ഏരിയ | | |
| E) കളക്ഷൻ ഏരിയ | | |

4) **മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

| | | |
|---|---|---|
| 1) | മാലിന്യം ഇനം തിരിക്കുന്നത് | 12 ഇനങ്ങളായി തരം തിരിക്കുന്നു. |
| 2) | തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കുന്നുണ്ട്. | Fire Extinguisher, Uniform, Over Coat, Mask, Gloves First Aid Box എന്നിവ നൽകിയിട്ടുണ്ട്. |

5) **ശുചിത്വമാനദണ്ഡങ്ങൾ**

കഴുകി ഉണക്കിയ അജൈവ മാലിന്യങ്ങൾ മാത്രമാണ് സംഭരിച്ച് വയ്ക്കുന്നത്. ആയതിനാൽ ദുർഗന്ധ/കീട പ്രശ്നങ്ങൾ നേരിടുന്നില്ല.

6) **യഥാസമയം മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നത് സംബന്ധിച്ച്**

ക്ലീൻകേരള കമ്പനി സമയബന്ധിതമായി മാലിന്യം ശേഖരിക്കുന്നില്ല. നിലവിൽ യഥാസമയം മാലിന്യം നീക്കം ചെയ്യാത്തതിനാൽ എം.സി.എഫിൽ മാലിന്യം കുമിഞ്ഞ് കൂടിയിരിക്കുന്ന അവസ്ഥയാണ് ഉള്ളത്. സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് സംഘം ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നുണ്ട്.

7) **വരവ് -ചെലവ് കണക്ക് 2023-24**

| ആകെ വരവ് | | ആകെ ചെലവ് | |
|---|---|---|---|
| യൂസർ ഫീ | 38,35,300 | ഹരിതകർമ്മസേന ശമ്പളം | 31,42,290 |
| സ്ക്രാപ്പ് വില്പന | 1,45,000 | പർച്ചേസ് | - |
| ക്ലീൻ കേരള കമ്പനി/ മറ്റ് ഏജൻസി | 4,48,037 | മറ്റ് ചെലവുകൾ | 3,60,000 |
| ആകെ | 44,28,337 | ആകെ | 35,02,290 |

**മറ്റ് വിവരങ്ങൾ**

2021-22, 2022-23, 2023-24 വർഷങ്ങളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

**2021-22 വർഷം**

| പ്രോജക്ട് നം & പേര് | | നിർവ്വഹണം | ചെലവ് |
|---|---|---|---|
| 131 | ഗ്രാമപഞ്ചായത്ത് ഓഫീസിൽ സ്ത്രീ സൌഹൃദ ടോയ്ലറ്റ് സ്ഥാപിക്കൽ | AE(LSGD) | 236662 |
| 146 | ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിലേക്ക് മാലിന്യം എത്തിക്കുന്നതിന് വാഹന വാടക | VEO/LVEO | 42725 |
| 167 | പെർളട്ടക്കം പൊതുശൌചാലയം നിർമ്മാണം | AE(LSGD) | 875429 |
| 169 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം- മുന്നാട് | AE(LSGD) | 1791749 |
| 175 | ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ | VEO/LVEO | 32310 |

| | | | |
|---|---|---|---|
| 176 | വിവര വിജ്ഞാന വ്യാപന ക്യാമ്പയിൻ(ഐഇസി ) പ്രവർത്തനങ്ങൾ | VEO/LVEO | 49796 |
| 188 | ഗ്രാമപഞ്ചായത്ത് ഷ്രെഡിംഗ് യൂണിറ്റിലേക്ക് മാലിന്യം എത്തിക്കൽ വാഹന വാടക | VEO/LVEO | 68220 |
| 208 | ഐഇസി ക്യാമ്പയിൻ | VEO/LVEO | 49770 |
| 210 | സംസ്കരിക്കാൻ പറ്റാത്ത മാലിന്യങ്ങളുടെ കയറ്റി അയക്കൽ | As SEC (GP) | 100000 |
| 220 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിൽ യന്ത്രങ്ങളുടെ മെയിന്റനൻസ് ആന്റ് ഷിഫ്റ്റിംഗ് - തുക ഹരിതകർമ്മസേനയ്ക്ക് നൽകൽ | SEC (GP) | 65000 |
| 229 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | VEO/LVEO | 184898 |
| 232 | ബയോ കമ്പോസ്റ്റർ ബിൻ | VEO/LVEO | 1175400 |

**2022-23 വർഷം**

| പ്രോജക്ട് നം & പേര് | | നിർവ്വഹണം | ചെലവ് |
|---|---|---|---|
| 6 | ഗ്രാമപഞ്ചായത്ത് ഓഫീസിൽ സ്ത്രീ സൌഹൃദ ടോയ്ലറ്റ് സ്ഥാപിക്കൽ | AE(LSGD) | 210651 |
| 72 | ഗ്രാമപഞ്ചായത്ത് വനിതാ തൊഴിൽ പരിശീലന കേന്ദ്രം ടോയ്ലെറ്റ് നിർമ്മാണം | AE(LSGD) | 295530 |
| 86 | ലൈബ്രറികൾക്ക് ടോയ്ലെറ്റ് സൌകര്യം ഏർപ്പെടുത്തൽ- സഖാവ് ടി കുഞ്ഞമ്പു നായർ വായനശാല ആന്റ് ഗ്രന്ഥാലയം കല്ലളി | AE(LSGD) | 154702 |
| 88 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം മുന്നാട്- അനുബന്ധ പ്രവർത്തികൾ | AE(LSGD) | 505456 |
| 44 | ഗ്രാമപഞ്ചായത്ത് ഷ്രെഡിംഗ് യൂണിറ്റിലേക്ക് മാലിന്യം എത്തിക്കൽ വാഹന വാടക | VEO/LVEO | 29580 |
| 45 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | VEO/LVEO | 12000 |
| 67 | നെല്ലിയടുക്കം പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിൽ ജൈവവള നിർമ്മാണ യൂണിറ്റിന് കെട്ടിട നിർമ്മാണം | AE(LSGD) | 1355340 |
| 69 | നെല്ലിയടുക്കം പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിൽ സ്റ്റോക്ക് ഷെഡ് | AE(LSGD) | 1047387 |
| 87 | ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ | AE(LSGD) | 711738 |
| 134 | ഹരിതകർമസേനക്ക് വാഹന വാടക നൽകൽ | VEO/LVEO | 88380 |
| 139 | ഹരിതകർമ്മസേനക്ക് യൂണിഫോം | VEO/LVEO | 26149 |
| 220 | സംസ്കരിക്കാൻ പറ്റാത്ത മാലിന്യങ്ങൾ കയറ്റി അയക്കൽ | As SEC (GP) | 200000 |
| 242 | മിനി എം സി എഫ് | AE(LSGD) | 810587 |

| | | | |
|---|---|---|---|
| 248 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിലേക്ക് ആവശ്യമായ മെഷിനറികൾ വാങ്ങൽ | As SEC (GP) | 1215000 |

**2023-24 വർഷം**

| പ്രോജക്ട് നം & പേര് | | നിർവ്വഹണം | ചെലവ് |
|---|---|---|---|
| 215 | ഷീ പാഡ് പദ്ധതി | HM(GLPS) | 222168 |
| 220 | ഹരിതകർമ്മസേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ ഐഡി കാർഡ് മുതലായവ നൽകൽ | VEO/LVEO | 98990 |
| 248 | ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്ലെറ്റ് നിർമ്മാണത്തിന് അധിക ധനസഹായം | VEO/LVEO | 360000 |
| 89 | സംസ്കരിക്കാൻ പറ്റാത്ത മാലിന്യങ്ങൾ കയറ്റി അയക്കൽ | As SEC (GP) | 295196 |
| 188 | നെല്ലിയടുക്കം പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിൽ ജൈവവള നിർമ്മാണ യൂണിറ്റിന് കെട്ടിട നിർമ്മാണം | AE(LSGD) | 530338 |
| 206 | ജീബിൻ | VEO/LVEO | 332150 |
| 213 | ഹരിതകർമ്മസേനയ്ക്ക് വാഹന വാടക നൽകൽ | VEO/LVEO | 76545 |

2) ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിതകർമ്മസേനയുടെ പേരിൽ കേരള സ്റ്റേറ്റ് കോ.ഓപ്പറേറ്റീവ് ബാങ്കിന്റെ കുണ്ടംകുഴി ശാഖയിൽ അക്കൗണ്ട് (നം.180112801001138) ഉണ്ട്.

**എം സി എഫ് നേരിൽ സന്ദർശിച്ചതിന്റെ വിശദാംശം.**

പതിനഞ്ചാം വാർഡിലെ നെല്ലിയടുക്കത്തുള്ള എം സി എഫ് കെട്ടിടത്തിന് അകത്തായി വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം ഇനം തിരിക്കാതെ ചാക്കുകളിൽ കെട്ടികിടക്കുന്നു. കെട്ടിടത്തിലുള്ള മാലിന്യം സമയബന്ധിതമായി നീക്കം ചെയ്തിട്ടില്ല. കെട്ടിടത്തിനുള്ളിൽ സെഗ്രിഗേറ്റ് ചെയ്തതും അല്ലാത്തതുമായ മാലിന്യം ചാക്കിൽ കെട്ടി കിടക്കുന്നുണ്ട്. രണ്ട് ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഒന്ന് പ്രവർത്തിക്കുന്നില്ല. മാലിന്യം കൈയ്യൊഴിയുന്നതിനായി ക്ലീൻകേരള കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും 2024 ജൂലൈ മാസം കൃത്യമായ ഇടവേളകളിൽ മാലിന്യം പ്ലാന്റിൽ നിന്നും കൊണ്ടു പോകാത്തതിനാലാണ് ഇപ്രകാരം മാലിന്യം നിറഞ്ഞിരിക്കുന്നതെന്ന് അറിയിച്ചു.






**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1) ഗ്രാമപഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും ചെറിയ ഇലക്ട്രിക്ക് വാഹനം പല സ്ഥലങ്ങളിലും പോകാൻ പറ്റാത്തത് മാലിന്യ നീക്കത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

2) റിജക്ടഡ് വേസ്റ്റ് കയറ്റി അയക്കുന്നതിൽ മോണിറ്ററിംഗ് ആവശ്യമാണ്.

3) MCFൽ കൂടുതൽ ഫർണീച്ചർ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

4) ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ വരവ് ചെലവ് കണക്കുകളുടെ സൂക്ഷിപ്പ്, രജിസ്റ്ററുടെ പരിപാലനം എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി ഹരിതകർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകേണ്ടതാണ്. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിത കർമ്മ സേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്ന തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5) എം സി എഫിൽ ഫയർ ആൻ്റ് റസ്ക്യൂ-സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

6) മാലിന്യ പരിപാലനത്തിനായി 2ബെയിലിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ ഒന്ന് പ്രവർത്തിക്കുന്നില്ലെന്നും കപ്പാസിറ്റി കുറവാണെന്നും ഹരിത കർമ്മ സേനാംഗങ്ങൾ അഭിപ്രായപ്പെട്ടു. കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി യന്ത്ര സാമാഗ്രിയുടെ കപ്പാസിറ്റി കൂട്ടേണ്ടതുണ്ട്.

7) എം.സി.എഫിൽ നിന്നും തരംതിരിച്ച് മാറ്റുന്ന അജൈവ മാലിന്യങ്ങൾ സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ ശക്തമാക്കേണ്ടതാണ്.

8) അജൈവ മാലിന്യങ്ങൾ പുനരുപയോഗം നടത്തുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തേണ്ടതാണ്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ്, സ്ലെറി എന്നിവ കാർഷികാവശ്യത്തിന് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

9) ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

10) ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനമൊരുക്കേണ്ടതാണ്.

11) ഹരിത മിത്രം ആപ്പ് വഴി QRകോഡ് പതിപ്പിച്ചവർക്ക് നിലവിൽ അവർ അടച്ചതും അടക്കാൻ അവശേഷിക്കുന്നതുമായ വിവരങ്ങൾ മാത്രമാണ്അറിയാൻ കഴിയുന്നത്. വീടുകൾ/സ്ഥാപനങ്ങൾ എന്നിവക്ക് യൂസർഫീ അടക്കാനുള്ള സംവിധാനം കൊണ്ടുവരേണ്ടതാണ്.

12) ഓരോ മാസവും കൂടുന്ന റിവ്യൂ മിറ്റിംഗുകളിൽ മുൻമാസത്തെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

13) മാലിന്യം അനധികൃതമായി തള്ളുന്ന സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ക്യാമറ സംവിധാനങ്ങൾ, പോസ്റ്ററുകൾ എന്നിവ വയ്ക്കാവുന്നതാണ്.

14) മാലിന്യ സംസ്കരണ മേഖലയിൽ വി.ഇ.ഒ/മറ്റ് ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

കൃത്യമായ മോണിറ്ററിംഗിലൂടെയും തുടർ പ്രവർത്തനങ്ങളിലൂടെയും നിലവിലെ അവസ്ഥക്ക് പരിഹാരം കാണേണ്ടതാണ്. ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ഓഡിറ്റ് ഇംപാക്ട്

വസ്തുനികുതി കുറവായി ഈടാക്കിയത് സംബന്ധിച്ച് 19.07.2024 ൽ ഓഡിറ്റ് എൻക്വയറി(നം.8)നൽകിയതിനെ തുടർന്ന് കുറവ് വന്ന 40,020 രൂപ 19.7.2024-ലെ രസീറ്റ് നം.1240101471

മുതൽ 1240101483 വരെ പ്രകാരം ഈടാക്കുകയും തുടർ വർഷങ്ങളിലെ വസ്തുനികുതി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

**1-12 വസ്തുനികുതി പുതുക്കൽ- ഫീൽഡ് പരിശോധന പൂർത്തിയാക്കിയില്ല.**

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ, അസസ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, വഴിസൌകര്യത്തിൽ വന്ന വ്യത്യാസങ്ങൾ എന്നിവ കണ്ടെത്തേണ്ടതും അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്. എന്നാൽ കെട്ടിട സർവ്വെ നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. 17 വാർഡുകളുള്ള പഞ്ചായത്തിൽ ഇതുവരെ 5 വാർഡുകളിലാണ് സർവ്വെ പൂർത്തിയായിട്ടുള്ളത്. പൂർത്തിയായ വാർഡുകളിലെ അളവുകളിൽ മാറ്റം വന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി ഈടാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടില്ല. ബാക്കി 12 വാർഡുകളിലെ സർവ്വെ നടപടികൾ ആരംഭിച്ചിട്ടില്ല. എത്രയും പെട്ടെന്ന് തന്നെ വാർഡ് അടിസ്ഥാനത്തിലുള്ള സർവ്വെ പൂർത്തിയാക്കി വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-13 വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം-വിവരം ലഭ്യമല്ല.**

2023-24 ലെ വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി അടവ് വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ പെർമിറ്റിന് അപേക്ഷിച്ച വിവിധ വാർത്താ വിനിമയ ഗോപുരങ്ങളുടെ എണ്ണവും നിലവിൽ ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിച്ച് നികുതി അടവാക്കി കൊണ്ട് പ്രവർത്തിക്കുന്ന വാർത്താ വിനിമയ ഗോപുരങ്ങളുടെയും വിവരങ്ങളും പരിശോധിച്ചു. 2014-15 വരെ നികുതി നിർണയം നടത്തിയ 15 വാർത്താ വിനിമയ ഗോപുരങ്ങളുടെ വിവരങ്ങൾ മാത്രമെ സഞ്ചയയിൽ നിലവിലുള്ളൂ. 2013-14-ന് ശേഷം നാളിതു വരെ ഒരു മൊബൈൽ ടവർ പോലും അസസ്മെന്റിൽ വന്നിട്ടില്ല. 2021-22 മുതൽ ലഭ്യമാക്കിയ പെർമിറ്റ് രജിസ്റ്ററുകൾ പ്രകാരം ചുവടെ ചേർത്ത വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് അപേക്ഷകളിന്മേൽ പെർമിറ്റ് അനുവദിച്ചതും അപാകത കത്ത് നൽകിയതും ഉണ്ട്. ആയവയിന്മേൽ പിന്നീട് തുടർ നടപടികൾ സ്വീകരിക്കുകയോ നമ്പർ അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് അനുമതിയോ കെട്ടിട നമ്പറോ ലഭ്യമാകാതെ മൊബൈൽ ടവറുകൾ പ്രവർത്തിച്ച് വരുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതുണ്ട്. പെർമിറ്റ് അപേക്ഷകൾ സംബന്ധിച്ച നിജസ്ഥിതി വിവരം പരിശോധിക്കുന്നതിന് കെട്ടിട നിർമ്മാണരജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളും, സഞ്ചയ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിശ്ചയിച്ച് ഈടാക്കി കൊണ്ടിരിക്കുന്ന 15 മൊബൈൽ ടെലഫോൺ ടവറുകളുടെയും വിവരം താഴെ പട്ടികകളിൽ ചേർക്കുന്നു.

*__പെർമിറ്റ് അപേക്ഷ വിവരം__*

| ക്രമ നം | അപേക്ഷ വിവരം | പെർമിറ്റ് നം, അപേക്ഷകന്റെ/ കമ്പനിയുടെ പേര് | നിലവിലെ അവസ്ഥ, അപാകത |
|---|---|---|---|
| 1 | 2521/18/9.4.21 | 2521/21/21.5.2021 | 20.5.2022-ൽ പെർമിറ്റ് |

| | | | |
|---|---|---|---|
| | | സ. നം. 714/1p/25, മൂന്നാട് സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ടക്ച്ചർ . | കാലാവധിഅവസാനിച്ചിട്ടും നാളിതുവരെ കംപ്ലീഷൻ അറിയിക്കുകയോ നമ്പർ അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല.പെർമിറ്റ് അനുവദിച്ച് വർഷങ്ങളായിട്ടും ടി ടവർ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ നിർമ്മാണം നടക്കുകയാണോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 2 | Sc3/368/24.1.22 | പെർമ്മിറ്റിനുള്ള അപേക്ഷയാണ്. പെർമ്മിറ്റ് നല്കിയിട്ടില്ല. സ. നം. 23/1pt 476, സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ടക്ച്ചർ . | അപേക്ഷ നിരസിച്ചതായോ മറ്റോ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ കംപ്ലീഷൻ അറിയിക്കുകയോ നമ്പർ അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല. ടി ടവർ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/ നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ നിർമ്മാണം നടക്കുകയാണോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 3 | Sc3/2807/18.5.22 | റഗുലറൈസേഷനുള്ള അപേക്ഷയാണ്. നല്കിയിട്ടില്ല. സ. നം. 32 Pt 15, കൊളത്തൂർ, സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ടക്ച്ചർ . | അപേക്ഷ നിരസിച്ചതായോ മറ്റോ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ കംപ്ലീഷൻ അറിയിക്കുകയോ നമ്പർ അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല. ടി ടവർ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/ നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ നിർമ്മാണം നടക്കുകയാണോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 4 | 7859/27.11.23 | സർവ്വെ നം ലഭ്യമല്ല. കൊളത്തൂർ.സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ടക്ച്ചർ . | പെർമിറ്റ് നൽകിയിട്ടില്ല. |

*<u>നികുതി നിശ്ചയിച്ച ടവറുകളുടെ വിവരം</u>*

| ക്രമ നം | കെട്ടിട നം | ഉടമസ്ഥരുടെ പേര് | നികുതി നിർണയ വർഷം |
|---|---|---|---|
| 1 | 2/344/A | THE MANAGER,VODAFONE ESSAR CELLULAR LTD Id No.1022079 | 2012-13 |
| 2 | 4/123/A | Manager, Indus Tower Limited ID NO.1275562 | 2013-14 |

| | | | |
|---|---|---|---|
| 3 | 5/68/A | Manager, Indus Tower Ltd. ID NO.1273274 | 2013-14 |
| 4 | 5/507/ | Manager, Tele Communication Tower Bharathi LimitedID NO.1113170 | 2011-12 |
| 5 | 7/398/ | Manager, India Telecom Infratel Ltd Second Floor Chakkacheri Tower | 2013-14 |
| 6 | 8/39/ | Reliance Infra Tel Ltd. | 2013-14 |
| 7 | 8/40/ | Reliance Infra Tel Ltd. | 2013-14 |
| 8 | 8/107/A | M.K. Narayanan, | 2013-14 |
| 9 | 8/107/B | M.K. Narayanan, | 2013-14 |
| 10 | 12/147/ | Bharathi Industrial Limited ID NO.1085382 | 2011-12 |
| 11 | 15/54/ | GENERAL MANAGER, INDUS TOWERS ID NO.1236023 | 2010-11 |
| 12 | 16/431/A | Reliance Infra Tel Limited | 2013-14 |
| 13 | 16/431/B | Reliance Telcom Infrastructure Ltd | 2013-14 |
| 14 | 16/532/B | Idea Communication Ltd ID NO.1013733 | 2013-14 |
| 15 | 16/532/C | Reliance Telcom Infrastructure LTd | 2013-14 |

കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ മാത്രം മൊബൈൽ ടവർ നിർമ്മാണ അനുമതിക്കായി 4 അപേക്ഷകൾ ലഭിക്കുകയും അതിൽ ഒരെണ്ണത്തിന് നിർമ്മാണ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ ഇതു വരെ ആകെ 15 ടവറുകൾക്ക് മാത്രമാണ് വസ്തു നികുതി നിശ്ചയിച്ച് ഈടാക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.2014-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും, വിജിലൻസിന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളെയും കണ്ടെത്തുന്നതിന് ഒരു 'സ്പെഷ്യൽ ഡ്രൈവ്" നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, തദ്ദേശഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള പെർമിറ്റ് ഫീസ്/വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ആയത് പാലിക്കപ്പെട്ടതായി കാണുന്നില്ല. മേൽ ടവറുകളുടെ നിർമ്മാണം/പ്രവർത്തനം സംബന്ധിച്ച നിജസ്ഥിതി പരിശോധിക്കുന്നതിനായി ടി ടവറുകളുടെ പെർമിറ്റ്/നമ്പറിംഗ് സംബനിധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
ഓഡിറ്റ് എൻക്വയറി നം.04/18-07-2024.

**1-14 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു.**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.12.2016 ലെ 792455/ഇ.ഡബ്ല്യു 3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രീ-പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും

കൈവരിക്കേണ്ടതാണ് എന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ/സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും വസ്തുനികുതി വിവരങ്ങളും പരിശോധിച്ചതിൽ ഹരിശ്രീ വിദ്യാലയം കുണ്ടംകുഴി, ഹസ്ബി അക്കാദമി ചെറപ്പാറ എന്നീ സ്ഥാപനങ്ങൾ ഗ്രാമപഞ്ചാത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നതായി കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 2023-24 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ ഈ സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത സ്ഥാപനം ഗ്രാമപഞ്ചായത്തില നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/18.07.24) മറുപടി ലഭ്യമാക്കിയില്ല.

## 1-15 ക്വാറികൾ - കോർപ്പറേറ്റ് സാമൂഹിക/പരിസ്ഥിതി ഉത്തരവാദിത്തങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നില്ല.

കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ നമ്പർ: OM :F.No.22-65/2017-1A.lii Dated 1.05.2018, OM :F.No.22-65/2017-1A.lii Dated 30.09.2020 എന്നീ വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി ( **SEIAA- State Environmental Impact Authority - 2006 ലെ EIA വിജ്ഞാപനങ്ങളിൽ ഷെഡ്യൂൾ "B" ( Brown Field) വിഭാഗത്തിൽ പെടുന്ന പ്രൊജക്റ്റുകൾക്ക് പാരിസ്ഥിതിക ക്ലിയറൻസ് നൽകുന്ന കേരള സർക്കാർ സ്ഥാപനം)** പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന സ്ഥാപനങ്ങൾ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്ത **(CSR)** പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിജ്ഞാപനത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്വാറിയുടെ സി.എസ്.ആർ പ്രവർത്തനങ്ങൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ മാത്രം നടത്തേണ്ടതാണ്.

2. ക്വാറിയുടെ പ്രവർത്തനം മൂലം ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും പരിസ്ഥിതിയ്ക്കും ഉണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

3. സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്ന പ്രദേശത്തിലെ വ്യക്തികൾ/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുമായി കൂടിയാലോചിച്ച് തയ്യാറാക്കുന്ന സി.എസ്.ആർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ SEIAA യ്ക്ക് സത്യവാങ്മൂലമായി പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ടതാണ്.

4. സി.എസ്. ആർ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ബാങ്ക് അക്കൌണ്ട് ആരംഭിക്കേണ്ടതും ഓരോ വർഷവും നടപ്പിലാക്കിയ പ്രവൃത്തികളുടെ റിപ്പോർട്ട് പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ റീജണൽ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്.

ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഓഡിറ്റ് വർഷവും ഒരു കരിങ്കല്ല് ക്വാറി പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ക്വാറി ഉടമ ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) സി.എസ്.ആർ/ സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന

നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/ഉടമ | ലൈസൻസ് നം, തീ | പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം. |
|---|---|---|---|
| 1 | ടി.അനന്തൻ, S/ O രാമൻ.ടി, മരുതളം ഹൗസ്, മുന്നാട്.പി.ഒ. | JC1-2287/2/2023-24/75 Dt. 13.04.2023. (01.04.2023 To 30.06.2023) | A/1935/18/DEIAA Dated.5.7.2018 ( 5 Year,- 5.7.2023 To 4.7.2023 ) |

2013 ലെ കമ്പനീസ് ആക്ട് (അമെൻമെന്റ്), സെക്ഷൻ 135-ലെ വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ക്വാറി പോലുള്ള പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഹാജരാക്കുന്ന പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ നിർദ്ദേശിച്ചിട്ടുള്ള സി.എസ്.ആർ പ്രവർത്തനങ്ങൾ ഓരോ വർഷവും നടത്തിയിട്ടുണ്ടെങ്കിൽ ആ വിവരങ്ങളും, മേൽ സ്ഥാപനം സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ പഞ്ചായത്ത് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (03/17.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനുമുള്ള ക്രമീകരണമോ മേൽനോട്ടമോ പഞ്ചായത്ത് കൈകാള്ളുന്നില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി നല്കുന്നതോടൊപ്പം മുകളിൽ വിവരിച്ച ക്വാറിയുടെ ഉടമ പഞ്ചായത്ത് പരിധിയിലെ ജനങ്ങൾക്ക് ഉതകുംവിധം CSR പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് വിവരങ്ങൾ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ക്വാറി പോലുള്ള പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഹാജരാക്കുന്ന പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ നിർദ്ദേശിച്ചിട്ടുള്ള സി.എസ്.ആർ പ്രവർത്തനങ്ങൾ ഓരോ വർഷവും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഉതകുന്ന മോണിറ്ററിംഗ് സംവിധാനം കൊണ്ടുവരേണ്ടതാണ്.
- ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിക്കുന്ന നിയന്ത്രണാധികാരം ഫലപ്രദമായി വിനിയോഗിക്കേണ്ടതും നിലവിൽ സി.എസ്.ആർ പരിധിയിൽ ഉൾപ്പെടുത്തേണ്ടതായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശിക്കാവുന്നതുമാണ്.
- സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തുന്ന സി.എസ്.ആർ ഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കപ്പെടുന്നതിന് പ്രൊജക്ട് തയ്യാറാക്കുവാൻ പരിശ്രമിക്കേണ്ടതാണെന്ന് 14 ാം പദ്ധതി മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ).നം.86/2022/ ത.സ്വ.ഭ.വ) ഖണ്ഡിക 5.1(10) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പരിഗണിക്കാവുന്നതാണ്.

**1-16 ഒരേ സ്ഥലത്ത് ഒന്നിൽകൂടുതൽ കെട്ടിടങ്ങൾക്കുള്ള പെർമിറ്റ് ഫീസ്/റഗുലറൈസേഷൻ ഫീസ്-അവ്യക്തത സംബന്ധിച്ച്.**

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ-2019, ചട്ടം 9(4) പ്രകാരം പെർമിറ്റ് നൽകുന്നതിന്

ഷെഡ്യൂൾ 2 പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്. ചട്ടം 92 പ്രകാരം പെർമ്മിറ്റ് നേടാതെ ആരംഭിച്ച ജോലികൾക്ക് കെട്ടിടം ക്രമവത്കരണ ഫീ പെർമ്മിറ്റ് ഫീയുടെ ഇരട്ടിയാണ് ഈടാക്കേണ്ടത്. കെട്ടിട നിർമ്മാണത്തിനുള്ള പുതുക്കിയ പെർമിറ്റ് ഫീസ് 31.03.2023 ലെ സ.ഉ(കൈ) നം.85/2023/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയതു പ്രകാരം 300m$^2$ മുകളിൽ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് പെർമ്മിറ്റ് ഫീസ് 150രൂപ/M2 ഉം, ക്രമവത്കരണ ഫീസ് 300 രൂപ/M2 നിരക്കിലുമാണ് ഈടാക്കേണ്ടത്. എന്നാൽ Sc3/8418/2023 തീ.20.12.2023 പ്രകാരം ക്രമവത്കരണം അനുവദിച്ച കെട്ടിടത്തിന് ക്രമ പ്രകാരമുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നമ്പർ | പേര് | ഏരിയ(M2) | ഈടാക്കേണ്ട തുക (150- രൂപ X2= 300 രൂപ നിരക്കിൽ) | ഈടാക്കിയ തുക |
|---|---|---|---|---|---|
| 1 | Sc3/8418/2023 തീ.20.12.2023 | Designated Partner, BETTER LIFE RESERCH LLP, Munnad, 671541. ((റിസോർട്ട് കെട്ടിടം- A2)) | 2153.02 M2 | 6,45,906/- | 4,20,451/- |

ഒരേ സ്ഥലത്ത് ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾ (റിസോർട്ട് കെട്ടിടം- A2) പണിയുന്നതിനാണ് പെർമിറ്റിന് അപേക്ഷ നൽകിയിട്ടുള്ളത്. ഇതിനായി ഒരു പെർമിറ്റാണ് നൽകിയത്. ഇപ്രകാരമുള്ള സാഹചര്യത്തിൽ ആകെ കെട്ടിടത്തിന്റെ വിസ്തീർണ്ണം കണക്കാക്കിയാണോ അഥവാ ഓരോ കെട്ടിടത്തിന്റേയും വിസ്തീർണ്ണം കണക്കാക്കിയാണോ ഫീസ് ഈടാക്കിയത് എന്നും, ഫീയായി 4,20,451/- രൂപ കണക്കാക്കിയതിന്റെ വിവരങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, ഒരേ സ്ഥലത്ത് ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾ പണിയുന്നതിനാണ് പെർമിറ്റിന് അപേക്ഷ നൽകിയിട്ടുള്ളതെന്നും ഇതിനായി ഒരു പെർമിറ്റാണ് നൽകിയതെന്നും ഓരോ കെട്ടിടത്തിന്റേയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കിയാണ് ഫീസ് ഈടാക്കിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് G.O (MS) 97/2024 തീയതി 30.7.2024പ്രകാരം 10.4.2023-മുതൽ വാങ്ങിയ കെട്ടിട നിർമ്മാണ അപേക്ഷ ഫീസ്/പെർമ്മിറ്റ് ഫീസ്/റഗുലറൈസേഷൻ ഫീസ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഒരു പ്ലോട്ടിൽ ഒരേ സ്ഥലത്ത് ഒന്നിൽ കൂടുതൽ റിസോർട്ട് കെട്ടിടങ്ങൾ പണിയുമ്പോൾ ഓരോ നിർമ്മിതിയും പ്രത്യേകമായി കണക്കാക്കിയാണോ പെർമ്മിറ്റ് ഫീ ഈടാക്കേണ്ടത്, മറിച്ച് ഒന്നായി കണക്കാക്കിയാണോ പെർമ്മിറ്റ് ഫീ ഈടാക്കേണ്ടത് എന്നത് സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടം 2019-ൽ വിശദീകരിച്ചിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ സർക്കാറിൽ നിന്ന് സാധൂകരണം തേടേണ്ടതും ആയതിനു ശേഷം മേൽ കെട്ടിട നിർമ്മാണത്തിനുള്ള ഫീസിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ G.O(MS)97/2024 തീയതി 30.7.2024 പ്രകാരം ഫീസ് കണക്കാക്കി കുറവ് വന്ന ക്രമവത്കരണ ഫീസ് ഈടാക്കേണ്ടതുമാണ്.

**1-17 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ, 2019 -ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ

നിഷ്കർഷിക്കുന്ന പ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.08/തീ.19.7.2024).

**1-18 ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകി.**

**ശ്രീ. വി.കെ കൃഷ്ണൻ നായർ** എന്നവർക്ക് മൂന്നാട് വില്ലേജിൽ സർവ്വേ നം. 538/Pt70 എന്ന സ്ഥലത്ത് ആകെ 518.34ച.മീ ബിൽഡ്അപ് ഏരിയയും 401.08ച.മീ ഫ്ലോർ ഏരിയയുമുള്ള കോമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് Sc3-BA(163246)/2021/29.04.2021 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. തുടർന്ന് ഫയൽ നം.Sc3/928/2024തീ.14.2.2024 പ്രകാരം കംപ്ലീഷൻ പരിശോധിച്ച് നമ്പറിംഗ് അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ, കെട്ടിടത്തിന്റെ സ്ഥലം എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

1).KPBR 2019 പ്രകാരം ഫ്ലോർ ഏരിയ അടിസ്ഥാനത്തിലാണ് പാർക്കിംഗ് കണക്കാക്കേണ്ടത്. ചട്ടം 29 പ്രകാരം കെട്ടിടത്തിന്റെ കൊമേഴ്സ്യൽ ഏരിയക്ക് 401.08/90=4.46 Say 5 കാർ പാർക്കിംഗ് സൗകര്യം ഒരുക്കേണ്ടതുണ്ട്. മേൽ ചട്ടം 29(4) പ്രകാരം തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിനും തെരുവിലേക്കുള്ള മതിയായ വാഹന പ്രവേശന മാർഗ്ഗമുണ്ടായിരിക്കേണ്ടതും പാർക്കിംഗ് സ്ഥലം കൂടാതെ ഡ്രൈവ് ഏരിയ നിരകൾക്ക് മദ്ധ്യേയുള്ള പാത, വാഹനങ്ങൾ തിരിക്കാനും മറ്റും മതിയായ സ്ഥലം ഉള്ളവയായിരിക്കേണ്ടതുമാണ്. ഒരു വാഹനം മാറ്റാതെ തന്നെ മറ്റ് വാഹനത്തിന് തിരിക്കാനും കടന്നു പോകാനുമുള്ള സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പ്ലാൻ പ്രകാരം ഒരുക്കിയിട്ടുള്ള കാർ പാർക്കിംഗ് നം. 5 മാറ്റാതെ പാർക്കിംഗ് നം.4, 3, 2 ഡിസേബിൾഡ് പാർക്കിംഗ് എന്നിവയിലേക്ക് പ്രവേശനം സാധ്യമല്ല. മാത്രമല്ല, പാർക്കിംഗ് ഏരിയയിലേക്ക് ഏത് വഴിയാണ് വാഹനം പ്രവേശിക്കുക / പുറത്തിറങ്ങുക എന്നത് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

2).18.07.2024-ന് ഓഡിറ്റ് ടീം പഞ്ചായത്തിലെ വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥയുടെ സാന്നിദ്ധ്യത്തിൽ മേൽ കെട്ടിടം പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ Cellar ഫ്ലോറിലെ കാർ പാർക്കിംഗിന് നീക്കിവെച്ച സ്ഥലം റോളിംഗ്ഷട്ടർ ഘടിപ്പിച്ച് നാല് റൂമുകളാക്കി മാറ്റിയതായി കാണാൻ സാധിച്ചു. നിലവിൽ കാർ പാർക്കിംഗിനുള്ള സ്ഥലം കെട്ടിടത്തിൽ ഇല്ല.


3).പെർമിറ്റിനായി ഹാജരാക്കിയിട്ടുള്ള പ്ലാനിൽ മൂന്ന് കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം കാണിച്ചിട്ടുണ്ട്. കെട്ടിടത്തിന് മുൻവശത്ത് നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലത്താണ് ഒരു കാർ പാർക്കിംഗ് കാണിച്ചിട്ടുള്ളത്. എന്നാൽ തുറസ്സായ സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗവും വാഹനം തിരിക്കുന്നതിനുള്ള സൗകര്യവും ഉണ്ടെങ്കിൽ നിർബന്ധമായും ഉണ്ടാകേണ്ട തുറസ്സായ സ്ഥലത്തിന്റെ 50% വരെ മാത്രം ആവശ്യമായ പാർക്കിംഗ് സ്ഥലമായി കണക്കാക്കാനാണ് ചട്ടം അനുവദിച്ചിട്ടുള്ളത്. സ്ഥല പരിശോധനയിൽ ആയത് കാണാൻ സാധിച്ചില്ല. ഭിന്നശേഷിക്കാർ, മുതിർന്ന പൗരൻമാർ, കുട്ടികൾ എന്നിവർക്ക് സൗകര്യപ്രദമായി പ്രവേശിക്കുന്നതിന് ചട്ടം 42(2) പ്രകാരം കെട്ടിടത്തിന്റെ മെയിൻ എൻട്രൻസിലേക്ക് നിർമ്മിക്കേണ്ട റാമ്പ് കാണിച്ചിട്ടുമില്ല. കൂടാതെ ഇരുചക്രവാഹന പാർക്കിംഗിനായി ചട്ടം 29(5) പ്രകാരം 24ച.മീറ്ററും ആവശ്യമാണ്. ആയതും പ്ലോട്ടിൽ ലഭ്യമല്ല.

ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിടത്തിന് കംപ്ലീഷൻ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/19-07-2024) മറുപടി ലഭ്യമായിട്ടില്ല.

**1-19 അനധികൃത കെട്ടിട നിർമ്മാണം- വിവരങ്ങൾ ലഭ്യമാക്കിയില്ല.**

ശ്രീ ലിഗേഷ് കുമാർ.ജി.കെ (സെക്രട്ടറി, ചന്ദ്രഗിരി ഇക്കോട്ടൂറിസം വികസന സഹകരണ സൊസൈറ്റി) എന്നവർ 17.5.2022-ന് ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ മുന്നാട് വില്ലേജിൽപ്പെട്ട 587/3Apt 16, 45,63,64,65,66 സർവ്വെ നമ്പറിലുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ പൊലിയം തുരുത്ത് ഇക്കോ ടൂറിസം വില്ലേജ് എന്ന പേരിൽ അപേക്ഷ സമർപ്പിച്ചിരുന്നു (Sc3/2768/22/തീ.17.5.2022). ടൂറിസം ആവശ്യത്തിനായുള്ള സ്പെഷ്യൽ റെസിഡൻഷ്യൽ ഗണത്തിലുള്ള കെട്ടിട നിർമ്മാണനുമതിക്കാണ് അപേക്ഷ നല്കിയിട്ടുള്ളത്. പുഴയാൽ ചുറ്റപ്പെട്ട സ്ഥലത്താണ് കെട്ടിട നിർമ്മാണം നടത്തുന്നത്. ലീസ് എഗ്രിമെന്റ് പ്രകാരം മുപ്പത് വർഷത്തേക്ക് പാട്ടത്തിനെടുത്ത ഭൂമിയിലാണ്(20233m2) നിർമ്മാണം. ചന്ദ്രഗിരി പുഴയാൽ ചുറ്റപ്പെട്ട സ്ഥലത്താണ് നിർമ്മാണം നടക്കുന്ന സ്ഥലം. റസ്റ്റോറന്റ്, റിസപ്ഷൻ, വിവിധ ആഡംബര/ആഡംബര രഹിത കോട്ടേജുകൾ, ഡോർമെറ്ററി, ഹാളുകൾ, വാച്ച്ടവർ, ടോയ് ലെറ്റ് ബ്ലോക്കുകൾ, ഓപ്പൺ സ്റ്റേജ്, തൊഴുത്ത് എന്നിവ ഉൾപ്പെട്ടതാണ് നിർമ്മാണം. നിർമ്മിക്കാൻ അപേക്ഷ നല്കിയ കെട്ടിടത്തിന്റെ അളവുകൾ താഴെ വിവരിക്കുന്നു,

| BUILDING | NO | Builtup Area | FSI Area |
|---|---|---|---|
| Reception | 1 | 275.5 M2 | 225.5m2 |
| Restuarant | 1 | 326.3m2 | 264.34m2 |
| VIP Cottage | 1 | 162.18m2 | 153.78m2 |
| Standard Cottage | 11 | 36.28m2x11= 399.08m2 | 30.89m2x11= 339.79m2 |
| Delux Cottage | 5 | 61.34m2 X5= 306.7m2 | 56.72m2x5= 283.6m2 |
| Dormitory- 1 | 1 | 388.26m2 | 319.39m2 |
| Dormitory- 2 | 1 | 388.26m2 | 353.41m2 |
| Watch Tower | 1 | 175m2 | 175m2 |
| Toilet Block | 1 | 43.3m2 | 43.3m2 |
| Cattleshed | 1 | 49m2 | 43.8m2 |
| KIOSK | 5 | 43x5=215m2 | 215m2 |
| TOTAL Area | | 2728.28m2 | 2416.9m2 |




മേൽ കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1).കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതിവിവരം അറിയിച്ചിട്ടില്ല.
2).കെട്ടിടത്തിന്റെ നിർമ്മാണ സ്ഥലത്തേക്ക് എത്തിച്ചേരുന്നതിനു വേണ്ടി 75 മീറ്റർ നീളത്തിലും 75 സെ.മീറ്റർ വീതിയിലും ഒരു തൂക്ക് പാലം വിഭാവനം ചെയ്തതായി കാണുന്നു. ആയതിന് അനുമതി നല്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. പ്ലാൻ പ്രകാരം പുഴയാൽ ചുറ്റപ്പെട്ട പ്രസ്തുത സ്ഥലത്തേക്ക് പോകാനുള്ള വഴി സൗകര്യം പ്ലാനിൽ കാണുന്നില്ല. ആയത് പരിഹരിച്ചിട്ടുണ്ടോ എന്ന വിവരം തുടർ രേഖകളിൽ നിന്ന് വ്യക്തമല്ല.
3) പൊലിയം തുരുത്ത് ഇക്കോ ടൂറിസം വില്ലേജ് എന്ന പേരിൽ ഗ്രാമപഞ്ചായത്തിൽ ഒരു ടൂറിസ്റ്റ് സ്ഥലം നിലവിലുള്ളതായി Google സെർച്ച് ചെയ്യുമ്പോൾ കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ അനുമതി ഇല്ലാതെ മേൽ സ്ഥാപനം പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട? ഉണ്ടെങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.
4) ഗ്രാമപഞ്ചായത്തിലെ പൊലിയം തുരുത്ത് ഇക്കോ ടൂറിസം വില്ലേജിൽ വെച്ച് കിലയുടെ നേതൃത്വത്തിൽ 2023-24 വർഷം പരിശീലന പരിപാടി സംഘടിപ്പിക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ വെച്ച് ഗ്രാമപഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ കെട്ടിടത്തിന് ഓഡിറ്റ് തിയ്യതിവരെയും പെർമ്മിറ്റ് നല്കുകയോ ക്രമവത്കരണം നടത്തുകയോ

ചെയ്തിട്ടില്ല. കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്,സെക്ഷൻ 235 ഡബ്ല്യൂ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ U/A നമ്പർ നൽകി പിഴനിരക്കിൽ വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. അനധികൃത നിർമ്മാണങ്ങളെ നിരീക്ഷിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ സ്ഥാപനത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഫീൽഡ് തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണപൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച നോട്ടീസ് പുറപ്പെടുവിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് സാധിക്കാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. ചട്ട വിരുദ്ധമായും അശാസ്ത്രീയമായും നിർമ്മിച്ച ഇത്തരം കെട്ടിടങ്ങൾ ഉടമകൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന വസ്തുത മേൽ വിവരിച്ചവയിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഇത്തരം നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിലും നോട്ടീസ് സ്ഥിരപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിലുമുണ്ടായ വീഴ്ചക്ക് സെക്രട്ടറി ഉത്തരവാദിയാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതയായി ഈടാക്കാവുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്നത് വരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടം ക്രമവത്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 17/19.07.2024.

**1-20 എസ്.എൽ. ഐ. വിഹിതം-ജീവനക്കാരിൽ നിന്നും കുറഞ്ഞനിരക്കിൽ ഈടാക്കുന്നു.**

30.11.2021ലെ ജി.ഒ.(പി)നം.151/2021/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ എസ്.എൽ. ഐ. വിഹിതം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 01.02.2022മുതൽ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, പേഴ്സണൽ പേ, ഗ്രേഡ് പേ എന്നിവയുടെ ആകെ തുകയായ പ്രതിമാസ വരുമാനത്തിന്റെ 1.5% കണക്കാക്കി നൂറിന്റെ ഗുണിതമായി മുകളിലേക്ക് റൗണ്ട് ചെയ്ത തുകയാണ് എസ്.എൽ. ഐ. പോളിസികളുടെ പ്രതിമാസ പ്രിമിയം. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2023-2024 വർഷത്തിൽ ജോലി ചെയ്തിരുന്ന താഴെ പറയുന്ന ജീവനക്കാരിൽ നിന്നും കുറഞ്ഞനിരക്കിലാണ് എസ്.എൽ. ഐ. വിഹിതം ഈടാക്കിയത്. ഈ അപാകത പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 5 തിയതി 18.07.2021).

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ തുക | എസ്.എൽ.ഐ. വിഹിതം ഇനത്തിൽ ഈടാക്കിയ തുക | 30.11.2021ലെ ജി.ഒ.(പി)നം.151/2021/ധന പ്രകാരം ഈടാക്കേണ്ട കുറഞ്ഞ എസ്.എൽ.ഐ വിഹിതം |
|---|---|---|---|---|---|---|
| 1 | സജിത.ടിപി, സീനി. ക്ലാർക്ക് | 37,400 | 3,366 (@9%) | 40,766 | 500 | 700 |
| 2 | റിനി.വി.പി, അക്കൗണ്ടന്റ് | 45600 | 3,192 (@7%) | 48,792 | 500 | 800 |

**1-21 പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ്-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല .**

വൗച്ചർ നമ്പർ 22300154/23.05.2023 പ്രകാരം 10,937/- രൂപ പഞ്ചായത്ത് വാഹനത്തിന്റെ (KL 14M-9735, TATA SUMO GOLD) ഇൻഷ്വറൻസ് പുതുക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ദ ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിലാണ് വാഹനം ഇൻഷ്വറൻസ് ചെയ്തിരിക്കുന്നത് (Policy Number 76180031230100001790).

18.04.2000-ലെ ജി.ഒ.(പി)നം.819/2020/ഫിൻ പ്രകാരം സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പോളിസി കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ ദ ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ പഞ്ചായത്ത് വാഹനം ഇൻഷ്വറൻസ് ചെയ്തതിന് സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ആയതിന് മറുപടി ലഭിച്ചിട്ടില്ല. ഭാവിയിൽ പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 7 /18.07.2021

**1-22 ജൈവവള നിർമ്മാണ യൂണിറ്റ്-പ്രവർത്തനം ആരംഭിച്ചില്ല.**

ബേഡഡുക്ക ഗ്രാമ പഞ്ചായത്തിലെ നെല്ലിയടുക്കം എന്ന സ്ഥലത്തുള്ള പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റിൽ ജൈവവള നിർമ്മാണ യൂണിറ്റിനായി 2022-2023, 2023-2024 എന്നീ സാമ്പത്തിക വർഷങ്ങളിൽ 18,85,678/- രൂപ ചെലവഴിച്ച് ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ട് (പ്രൊജക്ട് നം.67/23, 188/24). ഇതു കൂടാതെ 2023-2024 സാമ്പത്തിക വർഷത്തിൽ 2,31,036/- രൂപ ഈ കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തിക്കായും ചെലവഴിച്ചിട്ടുണ്ട് (പ്രൊജക്ട് നം.195/24). ഓഡിറ്റിന്റെ ഭാഗമായി പ്രസ്തുത സ്ഥലത്ത് 18.07.2024-ന് നേരിട്ട് നടത്തിയ പരിശോധനയിൽ ജൈവവള നിർമ്മാണ യൂണിറ്റിനായി നിർമ്മിച്ച കെട്ടിടത്തിൽ ഹരിതകർമ്മ സേന ശേഖരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കുന്നുകൂട്ടിയിട്ടിരിക്കുന്നതായ് കാണാൻ കഴിഞ്ഞു. കെട്ടിടത്തിന് വയറിംഗ് പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ജൈവവള നിർമ്മാണ യൂണിറ്റിനായി നിർമ്മിച്ച കെട്ടിടത്തിൽ ആവശ്യമായ ഉപകരണങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കാനാവശ്യമായ തുടർ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം ജൈവവള നിർമ്മാണ യൂണിറ്റിനായി നിർമ്മിച്ച കെട്ടിടം നിഷ്ക്രിയ ആസ്തിയാകുവാൻ സാധ്യതയുണ്ട് എന്ന വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

**1-23 കുടിവെള്ള പദ്ധതികൾ- ഭൂജല വകുപ്പിൽനിന്നും വിനിയോഗ രേഖകൾ ലഭിച്ചില്ല.**

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി.

2023-2024 സാമ്പത്തിക വർഷം ചുവടെ പരാമർശിക്കുന്ന കുടിവെള്ള പദ്ധതികളുടെ

നിർവഹണത്തിനായി ഗ്രാമ പഞ്ചായത്ത് ഭൂജല വകുപ്പ്, കാസറഗോഡ് ജില്ലാ ഓഫീസർക്ക് 5,91,654/- രൂപ കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര്,പ്രോജക്ട് നമ്പർ, | വൗച്ചർ നം./തീയ്യതി | തുക |
|---|---|---|---|
| 1 | പോള കുടിവെള്ള പദ്ധതി (പ്രോജക്ട് നം. 184/24). | 22301162 തീ: 26.03.2024 | 1,75,500/- |
| 2 | കല്ലളി അങ്കണവാടി, കൃഷി ഭവൻ എന്നിവയ്ക്ക് ബോർവെൽ (പ്രോജക്ട് നം. 125/24). | XVFC/2023-24/P/41 തീ: 26.03.2024 | 2,00,000/- |
| 3 | ബാലനടുക്കം, അരമനപ്പടി അങ്കണവാടികൾക്ക് ബോർവെൽ (പ്രോജക്ട് നം. 202/24). | BRN 23200752003800935448 തീ:14.12.2023 (₹ 125214/-) BRN 23200752003801496355 തീ:24.03.2024 (₹ 24,786/-) | 1,50,000/- |
| 4 | കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം (പ്രോജക്ട് നം. 243/24). | XVFC/2023-24/P/42 തീ: 26.03.2024 | 66,154/- |
| | ആകെ ഡെപ്പോസിറ്റ് ചെയ്ത തുക | | 5,91,654/- |

മേൽ പരാമർശിച്ച കുടിവെള്ള പദ്ധതികളുടെ നിർവഹണം സമ്പന്ധിച്ച് ഭൂജല വകുപ്പ്, കാസറഗോഡ് ജില്ലാ ഓഫീസറും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും ഒപ്പിട്ട കരാറുടമ്പടി പ്രകാരം പദ്ധതികളെല്ലാം എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഭൂജല വകുപ്പിന് കൈമാറിയാൽ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്.

എന്നാൽ മേൽ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങളും തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-10 തീയതി 19.07.2024) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ മേൽ കുടിവെള്ള പദ്ധതികളുടെ നിർവഹണത്തിനായി ഗ്രാമ പഞ്ചായത്ത് ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനായി ചെലവഴിച്ച 5,91,654/- രൂപ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-24 സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ ബോക്സ് സ്ഥാപിക്കൽ- കെ.എസ്.ഇ.ബിക്ക് കൈമാറിയ തുകയുടെ വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല.**

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി.

2023-2024 സാമ്പത്തിക വർഷം സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ ബോക്സ് സ്ഥാപിക്കൽ (പ്രൊജക്ട് നം. 226/24) എന്ന പദ്ധതിക്കായി 6,52,516/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് കൈമാറിയിട്ടുണ്ട് (വൗച്ചർ നം22301078തീയ്യതി 06.03.2024).

പദ്ധതിയുടെ നിർവഹണം സമ്പന്ധിച്ച് കെ.എസ്.ഇ.ബിയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും ഒപ്പിട്ട കരാറുടമ്പടി പ്രകാരം 31.03.2024 ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ കെ.എസ്.ഇ.ബി പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളും തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-11 തീയതി 19.07.2024) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ ബോക്സ് സ്ഥാപിക്കൽ എന്ന പദ്ധതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനായി ചെലവഴിച്ച 6,52,516/- രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

**1-25 ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.**

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി.

പ്രോജക്ട് നം.6/24

പ്രോജക്ടിന്റെ പേര് - ഐ.കെ.എം ന് വിഹിതം കൈമാറൽ

ചെലവ് തുക – 1,07,226/-രൂപ (വികസന ഫണ്ട് - ജനറൽ).

ബിൽ റഫറൻസ് നമ്പർ- 23200752003800098940തീയ്യതി.17.05.2023

2023-2024 സാമ്പത്തിക വർഷം ഇൻഫർമേഷൻ കേരളാ മിഷന് ഗ്രാമ പഞ്ചായത്ത് വിഹിതമായി 1,07,226/- നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/19.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1,07,226/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-26 മാലിന്യം നീക്കം ചെയ്യൽ-സ്വന്തമായി വാഹനം ഉണ്ടായിട്ടും വാടകയ്ക്കെടുത്തു.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 213/2024 |
| പ്രോജക്റ്റിന്റെ പേര് | ഹരിതകർമ്മ സേനയ്ക്ക് വാഹന വാടക നൽകൽ |
| വകയിരുത്തൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 3,00,000/- |
| ബിൽ നമ്പർ/Sanction Order | 450/25.03.2024 തുക 76,545/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊളത്തൂർ സർക്കിൾ) |

ഹരിതകർമ്മ സേന വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം എം.സി.എഫ്-ൽ എത്തിക്കുന്നതിന്റെ വാഹന വാടക ഹരിതകർമ്മ സേനയുടെ കൺസോർഷ്യത്തിന് റീംഇമ്പേഴ്സ് ചെയ്ത് നൽകുന്നതിനാണ് പ്രസ്തുത പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ഇപ്രകാരം വാഹന വാടകയിനത്തിൽ മേൽ ബിൽ നമ്പർ പ്രകാരം 76,545/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മാലിന്യം നീക്കം ചെയ്യുന്നതിനായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 3,50,000/- രൂപയും തനത് ഫണ്ടിൽ നിന്നും 1,47,000/-രൂപയും ചെലവഴിച്ച് പ്രോജക്റ്റ് നമ്പർ 186/23 പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 4,97,000/- രൂപയുടെ ഇലക്ട്രിക് ഓട്ടോ വാഹനം വാങ്ങിയിട്ടുണ്ട് . പ്രസ്തുത വാഹനം നിലവിൽ ഉപയോഗിക്കാത്ത സ്ഥിതിയിലാണുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

നിലവിൽ ഹരിതകർമ്മ സേനക്ക് സ്വന്തമായി ഇലക്ട്രിക് വാഹനം ഉണ്ടെങ്കിലും ദുർഘട പ്രദേശങ്ങളിൽ വാഹനം പോകാത്തതിനാൽ ക്വട്ടേഷൻ വിളിച്ച് എം.സി.എഫ്-ലേക്ക് മാലിന്യം എത്തിക്കുന്നതിന് വാഹന വാടക നൽകുന്നതിനായി തൻവർഷം പദ്ധതി രൂപീകരിച്ചിരിക്കുന്നത് എന്നാണ് പ്രോജക്റ്റിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ സ്വച്ച ഭാരത് മിഷന്റെ (ഗ്രാമീൺ) 22.12.2022 ലെ S-11011/3/2020-SBM-DDWS-Part(2) നമ്പർ കത്ത് പ്രകാരം ഭൂപ്രദേശങ്ങളുടെ പ്രത്യേകത കൊണ്ട് മാലിന്യം നീക്കം ചെയ്യുന്നത് പ്രായോഗികമല്ലെങ്കിൽ ഇലക്ട്രിക്ക് വാഹനങ്ങൾക്ക് പകരം മോട്ടോർ വാഹനങ്ങൾ ഉപയോഗിക്കാം എന്ന് അറിയിച്ചിട്ടുണ്ട്. കയറ്റിറക്കങ്ങൾ ഉള്ള റോഡുകളുള്ളതും മലയോര പ്രദേശത്ത് സ്ഥിതി ചെയ്യുന്നതുമായ പഞ്ചായത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധ്യമല്ല എന്ന്

ബോധ്യമായിട്ടും 31.12.2022 ലെ ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂയർമെന്റ് കമ്മിറ്റി യോഗ തീരുമാന പ്രകാരം ഹരിതകർമ്മ സേനയ്ക്ക് GEM മുഖേന ഇലക്ട്രിക് ഓട്ടോറിക്ഷ വാങ്ങാൻ ഭരണസമിതിയോട് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും തുടർന്ന് 4,97,000/- രൂപ ചെലവഴിച്ച് വാഹനം വാങ്ങുകയുമാണ് ചെയ്തത്. യാതൊരു സാധ്യതാ പഠനവും നടത്താതെയാണ് വാഹനം വാങ്ങിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. നിലവിൽ വാഹനം ഉപയോഗിക്കുന്നില്ല. ഇലക്ട്രോണിക് വാഹനം ഉപയോഗിക്കാതിരുന്നാൽ ബാറ്ററി ഉൾപ്പെടെയുള്ള സാമഗ്രികൾ കേടായി വാഹനം നിഷ്ക്രിയ ആസ്തി ആയി മാറാനുള്ള സാധ്യത ഉണ്ടെന്ന് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മേൽവിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. വാഹന വാടകയിനത്തിൽ ചെലവഴിച്ച 76,545/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-27 വനിത സംരംഭക ഗ്രൂപ്പുകൾക്ക് ധനസഹായം - സബ്സിഡി തുക കൈപ്പറ്റിയിട്ടും സ്ഥാപനം പ്രവർത്തനമാരംഭിച്ചില്ല.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 128/2024 |
| പ്രോജക്റ്റിന്റെ പേര് | വനിത സംരംഭക ഗ്രൂപ്പുകൾക്ക് ധനസഹായം |
| വകയിരുത്തൽ | വികസന ഫണ്ട് (സാധാ) 10,41,171/- |
| ബിൽ നമ്പർ/Sanction Order | 23200752013701527424/25.03.2024 തുക 3,47,057/-<br>23200752013701541858/25.03.2024 തുക 3,47,057/-<br>ആകെ 6,94,114/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>(കൊളത്തൂർ സർക്കിൾ) |

വനിതകൾക്ക് തൊഴിലും വരുമാനവും നൽകുക എന്ന ഉദ്ദേശ്യത്തോടെ വിഭാവനം ചെയ്ത മേൽ പദ്ധതി പ്രകാരം വനിത ഗ്രൂപ്പുകൾ ആരംഭിക്കുന്ന സംരംഭത്തിന്റെ ആകെ അടങ്കലിന്റെ 75% സബ്സിഡി നൽകുന്നു(പരമാവധി 3,75,000 രൂപ). സംരംഭത്തിന് ആവശ്യമായ തുക ബാങ്ക് വായ്പയിലൂടെ ആണ് സമാഹരിക്കുന്നതെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്(സ.ഉ(കൈ)നം.115/2022/തസ്വഭവ തീയ്യതി.28.05.2022). ഭരണസമിതി തീരുമാന നം.7(1) തീയ്യതി.25.01.2024 പ്രകാരം ഓഡിറ്റ് വർഷം മേൽ പ്രോജക്റ്റിൽ ഉൾപ്പെട്ട് സബ്സിഡിയിനത്തിൽ തുക കൈപ്പറ്റിയ സംരംഭങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സംരംഭത്തിന്റെ പേര് | സംരംഭത്തിന്റെ സ്വഭാവം | അനുവദിച്ച ബാങ്ക് ലോൺ | നൽകിയ സബ്സിഡി | റിമാർക്സ് |
|---|---|---|---|---|---|
| 01 | BUTTERFLIES BOUTIQUE, ബേഡഡുക്ക | വസ്ത്രാലയം | 5,00,000 | 3,47,057 | അക്കൗണ്ട് നം.180112801200235 കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കുണ്ടംകുഴി |
| 02 | ADVIBES MEDIA | ഡിജിറ്റൽ | 5,00,000 | 3,47,057 | അക്കൗണ്ട് |

| | | | | | |
|---|---|---|---|---|---|
| | HUB, ബേഡഡുക്ക | മീഡിയ | | | നം.180112801200244 കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കുണ്ടംകുഴി |

പ്രസ്തുത സ്ഥാപനങ്ങൾ സന്ദർശിച്ചതിൽ മേൽപട്ടികയിലെ ക്രമ നം.02 പ്രകാരമുള്ള ADVIBES MEDIA HUB എന്ന സംരംഭം പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനം പൂർണ്ണമായി പ്രവർത്തിക്കാൻ ആവശ്യമായ ഉപകരണങ്ങൾ സജ്ജീകരിക്കുകയോ IFTE & OS ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല. സംരംഭം മെച്ചപ്പെട്ട രീതിയിൽ നടത്തികൊണ്ട് പോകുന്നതാണെന്നും വായ്പതുക ബാങ്ക് നിഷ്കർഷിക്കുന്ന ഗഡുക്കളായി തിരിച്ചടയ്ക്കുന്നതാണെന്നും 19.03.2024 തീയ്യതിയിൽ നിർവ്വഹണോദ്യോഗസ്ഥനുമായ ചമച്ച കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് ഉറപ്പ് വരുത്തുന്നതിനായി ബാങ്ക് പാസ് ബുക്ക് ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല(അക്കൗണ്ട് നം.180112801200244, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്,കുണ്ടംകുഴി ബ്രാഞ്ച്). തുക കൈപ്പറ്റിയിട്ട് മൂന്ന് മാസത്തിലേറെയായിട്ടും സ്ഥാപനം പ്രവർത്തനം ആരംഭിക്കാത്തതിനാൽ സബ്സിഡി തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. 3,47,057/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.09/19.07.2024)

**1-28 ലൈഫ് ഭവന പദ്ധതി -വീട് നിർമ്മാണം പൂർത്തീകരിച്ചില്ല.**

മുൻവർഷങ്ങളിൽ ലൈഫ് ഭവന പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട് ധനസഹായം കൈപ്പറ്റിയ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | നാളിതു വരെയായി കൈപ്പറ്റിയ തുക | കരാർ ചമച്ച തീയ്യതി/ ആദ്യം തുക നൽകിയ തീയ്യതി | വീടിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | ഉഷ പി W/O നാരായണൻ (L) കുന്നുമ്മൽ,താത്തിയടി | 4,00,000 (ജനറൽ വിഭാഗം) | 40,000 | 02.03.2020 | തറ നിർമ്മാണം പൂർത്തീകരിച്ചു. |
| 02 | രജിത W/O ഗോപി, കുതിരക്കല്ല് | 6,00,000 (എസ് ടി വിഭാഗം) | 90,000 | ലഭ്യമല്ല | നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 03 | സുരേഷ് H/O അംബിക പായം | 6,00,000 (എസ് ടി വിഭാഗം) | 5,00,000 | 18.02.2021 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 04 | ലക്ഷ്മി W/O മാധവൻ ഉരുളാല | 6,00,000 (എസ് ടി വിഭാഗം) | 80,000 | 04.10.2021 | നിർമ്മാണം ആരംഭിച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 05 | ലീലാമണി W/O ചനിയൻ മുക്കുട് | 6,00,000 (എസ് ടി വിഭാഗം) | 2,10,000 | 29.03.2019 | ചുമർ നിർമ്മാണം പൂർത്തീകരിച്ചു. |
| 06 | മണി പി S/O രാമൻ പണ്ടാരംപള്ളം | 6,00,000 (എസ് ടി വിഭാഗം) | 4,60,000 | 29.03.2021 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 07 | രാധ പി പി W/O രാജൻ പണ്ടാരംപള്ളം | 6,00,000 (എസ് ടി വിഭാഗം) | 4,40,000 | 06.10.2021 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 08 | ബേബി പി പി W/O രാമൻ പണ്ടാരംപള്ളം | 6,00,000 (എസ് ടി വിഭാഗം) | 4,40,000 | 06.10.2021 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 09 | കേശവൻ S/O അപ്പു കൊവ്വൽ(H), കരിച്ചേരി | 6,00,000 (എസ് ടി വിഭാഗം) | 4,60,000 | 29.03.2021 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 10 | ശ്രീകല W/O രാജു ചെമ്പക്കാട് | 6,00,000 (എസ് ടി വിഭാഗം) | 5,60,000 | 03.08.2021 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 11 | അശ്വതി W/O കുഞ്ഞികൃഷ്ണൻ ചെമ്പക്കാട് | 6,00,000 (എസ് ടി വിഭാഗം) | 4,00,000 | 03.08.2021 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |

6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥനുമായി ചമച്ച കരാറിൽ ഗുണഭോക്താക്കൾ സമ്മതിച്ചിട്ടുള്ളതാണ്. കരാർ വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം നൽകിയ ധനസഹായം 12% പലിശ നിരക്കിൽ തിരികെ നൽകേണ്ടതാണെന്നും പ്രസ്തുത കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ധനസഹായം കൈപ്പറ്റിയിട്ടും നാളിതു വരെയും പൂർത്തീകരിക്കാത്ത മേൽപട്ടികയിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ ലംഘനത്തിന് ഗുണഭോക്താക്കൾക്കെതിരെ നടപടികൾ സ്വീകരിച്ച് തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.09/19.07.2024)

**1-29 കാർഷിക തൊഴിൽ സേനയ്ക്ക് യന്ത്രങ്ങൾ നൽകൽ - രേഖകൾ ഹാജരാക്കിയില്ല.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 22/24 |
